JESUS REDEEMS MINISTRIES

# യുവജനലോകം

ഏപ്രിൽ 2025

ലോകത്തിനോട് ഇണങ്ങി ജീവിച്ചത് മതി,
ബന്ധങ്ങൾക്കായി കാത്തിരുന്നത് മതി; ഇനി....

# ക്രൂശും ഞാനും





# ആമുഖം
# ക്രൂശ്

പ്രിയപ്പെട്ട യൗവനക്കാരെ, യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹം നിറഞ്ഞ ഈസ്റ്റർ ആശംസകൾ!

കർത്താവിനുവേണ്ടി ജ്വലിച്ച് പ്രകാശിക്കുവാനുള്ള നിങ്ങളുടെ സാക്ഷ്യവും, ശുശ്രൂഷ ചെയ്യാനുള്ള വാഞ്ഛയും ഓർത്ത് ഞാൻ കർത്താവിനെ സ്തുതിക്കുന്നു. യൗവനക്കാർ വിശ്വാസികൾ മാത്രമല്ല, യേശുവിന്റെ ശിഷ്യന്മാരായി സൈന്യമായി എഴുന്നേൽക്കണം.

ശിഷ്യൻ എന്നാൽ ഗുരുവിനെപ്പോലെ (യേശു), തനിക്കുവേണ്ടി ജീവിക്കാതെ, തന്നെത്തന്നെ നൽകുന്നവനായിരിക്കണം. ക്രൈസ്തവ യൗവനക്കാർ യേശുവിനുവേണ്ടി എന്തും ത്യജിക്കാൻ തയാറാകണം. ചിലർ അവരുടെ സ്കൂളുകളിലും, കോളേജുകളിലും, ജോലിസ്ഥലങ്ങളിലും കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ പ്രകാശിക്കുന്ന വിളക്കുകൾ ആയിരിക്കും!

ഇന്ന് പല ക്രൈസ്തവ വിദ്യാർത്ഥികൾക്കും യേശുവിനുവേണ്ടി ജീവിക്കണമെന്ന ആഗ്രഹമില്ലാതിരിക്കുന്നത്

ആശങ്കാജനകമാണ്. കഴുത്തിൽ കുരിശ് ലോക്കറ്റായി അണിയുന്നതും, കുരിശടയാളം ശരീരത്തിൽ വരയ്ക്കുന്നതുമാണ് ക്രൈസതവർ എന്ന് അവർ വിശ്വസിക്കുന്നു. അവർക്ക് ക്രിസ്തുവിനുവേണ്ടി ജീവിക്കണമെന്ന ആഗ്രഹമില്ല.

എല്ലാ ക്രൈസ്തവ യൗവനക്കാരും സാക്ഷിയായി ജീവിക്കണം, രക്ഷയുടെ അനുഭവം ഉള്ളവരായിരിക്കണം, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ തങ്ങളുടെ സ്കൂളുകളിലും കോളേജുകളിലും ആയിരിക്കണം എന്ന് ആഗ്രഹമുള്ളവരായി എഴുന്നേൽക്കണം.

എല്ലാ ക്രൈസ്തവ യൗവനക്കാരും ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവരായി എഴുന്നേൽക്കുമ്പോൾ, കർത്താവിന്റെ സാന്നിധ്യവും മഹത്വവും അതാത് സ്കൂളുകളിലും കോളേജുകളിലും ജോലിസ്ഥലങ്ങളിലും നിറയപ്പെടും. അപ്പോൾ കർത്താവ് ആഗ്രഹിക്കുന്ന ഉണർവ് വിദ്യാഭ്യാസമേഖലയിൽ വ്യാപരിക്കും.

യേശു കുരിശിൽ നമുക്കുവേണ്ടി നേടിതന്ന രക്ഷ നാം പങ്കുവയ്ക്കണം. മറക്കാതെ എല്ലാവരോടും പങ്കിടണം. നിങ്ങൾക്കുവേണ്ടി നിങ്ങളുടെ രക്ഷകൻ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ഇന്നും ജീവനോടെയിരിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പോടെ പറയണം, നിത്യനരകത്തിൽ വസിക്കേണ്ട നമ്മെ ക്രൂശിൽ സ്വന്തം രക്തം ചിന്തി, നമ്മെ രക്ഷിച്ചു.



**പ്രിയപ്പെട്ട യൗവനക്കാരെ,**

**ഒരിക്കലും ക്രൂശിന്റെ മഹത്വം മറക്കരുത്!**

**യേശു നിങ്ങൾക്കുവേണ്ടി ചൊരിഞ്ഞ രക്തത്തിന്റെ ശക്തി മനസ്സിലാക്കുവാൻ ഒരു ദിവസം പോലും നഷ്ടപ്പെടുത്തരുത്!**

**യേശുവിന്റെ ശിഷ്യനായ നീ, ഒരിക്കലും ക്രൂശിന്റെ നിഴൽ വിട്ടുപോകരുത്!**

**അപ്പോൾ നിനക്ക് ഒരു പൗലൊസും, പത്രൊസും ആയി, യേശുവിനുവേണ്ടി അവസാനം വരെ കുരിശ് ചുമക്കുവാൻ കഴിയും. ഇനി ലോകവും, അതിന്റെ മോഹങ്ങളുമല്ല! നീയും യേശുവും, ഞാനും ക്രൂശും എന്ന് ഉറച്ചു നിൽക്കുവിൻ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്



# ഇത് അല്ല Trendu...!

# നിർവ്യാജ സ്നേഹം

ഹലോ സ്നേഹിതരെ സുഖമായിരിക്കുന്നുവോ, life ആസ്വാദ്യകരമായിരിക്കുന്നുവോ? കഴിഞ്ഞ കുറച്ച് ദിവസങ്ങളായി, ഒരു വിഷയം ട്രെൻഡായി നടന്നുകൊണ്ടിരിക്കുന്നു. നിന്റെ boy friendന് സുഖമാണോ? നിന്റെ girl friend ന് സുഖമാണോ? ഇത്തരം ചോദ്യങ്ങൾ വ്യാപകമാവുകയാണ്. യൗവനക്കാർക്കിടയിൽ boy friendഉം , girl friendഉം ഉള്ളത് ഒരു ബഹുമതിയായി കണക്കാക്കപ്പെടുന്നു. നിരവധി യൗവനക്കാർ ഈ മായമായ വലയത്തിൽ അകപ്പെട്ടിരിക്കുന്നു. ക്രൈസ്തവരായ യൗവനക്കാർ ഉൾപ്പെടെ നിരവധിപേർ ഇതിനാൽ ബാധിക്കപ്പെടുകയും തങ്ങളുടെ വിദ്യാഭ്യാസവും, ഭാവിയും, തൊഴിലവസരങ്ങളും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഈ ലോകത്തിൽ മൂന്ന് തരത്തിലുള്ള സ്നേഹമുണ്ട്.

**1. ദൈവീക സ്നേഹം:** ഇത് തിന്മ ചെയ്യുന്നവർക്കും നന്മ ചെയ്യുന്നവർക്കും പ്രയോജനപ്പെടുന്ന സ്നേഹമാണ് (AGAPE). അത് നമുക്ക് വേദപുസ്തകത്തിൽ കാണാൻ കഴിയും.

**2. Give & Take Policy സ്നേഹം നൽകിയാൽ പകരം സ്നേഹം നൽകുന്നു:** ഇത് ലൗകികമായ രീതിയിൽ ആളുകൾക്കിടയിൽ നിലനിൽക്കുന്ന സ്നേഹമാണ്.

**3.കപട സ്നേഹം:** സ്വന്തം നേട്ടത്തിനായി മാത്രം സ്നേഹിക്കുന്നു, ആ സ്നേഹത്തിൽ ചതിയുണ്ടായിരിക്കും.

ഇന്ന് ഈ കപട സ്നേഹത്തിൽ കുടുങ്ങിയാണ് യൗവനക്കാർക്ക് ജീവൻ നഷ്ടപ്പെടുന്നത്. ഇതിന് വിപരീതമായി, ദൈവീക സ്നേഹം നമ്മിലേക്ക് വ്യാപരിക്കുമ്പോൾ ക്രൈസ്തവ യൗവനക്കാരായി നമ്മുക്ക് നമ്മെ വെളിപ്പെടുത്തുവാൻ കഴിയും. എതിർ ലിംഗത്തിലുള്ളവരോട് നമുക്കുണ്ടാകുന്ന ഫാന്റസി പ്രണയം താൽക്കാലികമാണ്. ഒരാളുടെ സൗന്ദര്യവും, വാക്ചാതുര്യവും പ്രവർത്തനങ്ങളും അവരെ ആകർഷിക്കുന്നു. അത് ഒരുതരം ഇച്ഛയിലൂടെ ഉത്ഭവിക്കുന്നു. ജാഗ്രത!

പ്രിയപ്പെട്ട ദൈവപൈതലേ, "സ്നേഹത്തിൽ ജാഗ്രത പുലർത്തുവിൻ" എന്ന് തിമൊഥെയൊസിനോട് പൗലൊസ് എഴുതിയിരിക്കുന്നു. വേദപുസ്തകത്തിൽ ദൈവത്താൽ അഭിഷേകം പ്രാപിച്ച ശിംശോൻ എന്ന യൗവനക്കാരൻ, ലോകസ്നേഹത്തിനായി കാംക്ഷിക്കുകയും ജാതീയ സ്ത്രീയുമായി പ്രണയത്തിലാവുകയും ചെയ്തു. അവന്റെ അഭിഷേകം നഷ്ടപ്പെട്ടു. ഒടുവിൽ കർത്താവിന്റെ ഹിതം നിറവേറ്റാതെ മരണപ്പെട്ടു. എന്റെ പ്രിയപ്പെട്ട യൗവനക്കാരേ, നിങ്ങൾ ഇത്തരം സ്നേഹത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നുവോ? യൗവനപ്രായത്തിൽ നാം ഏറ്റവുമധികം പരീക്ഷിക്കപ്പെടുന്നത് സ്നേഹബന്ധങ്ങളിലാണ്. ശരിയായ സ്നേഹം നാം തിരഞ്ഞെടുക്കുമ്പോൾ അത് നമുക്ക് പ്രയോജനകരമായ ഫലം നൽകും. തെറ്റായ സ്നേഹം തിരഞ്ഞെടുക്കുമ്പോൾ വേദനയുണ്ടാകും.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ യൗവനപ്രായത്തിൽ നിങ്ങൾ കർത്താവിനെ കൂടുതൽ സ്നേഹിക്കുന്നുവെങ്കിൽ, ലോകപ്രകാരമുള്ള നിങ്ങളുടെ സ്നേഹിതരുടെ വലയം ആരോഗ്യകരമായിരിക്കും. കർത്താവ് നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റും. നിങ്ങൾക്ക് ഇഷ്ടപ്പെടുന്ന അനുയോജ്യമായ ഒരു പങ്കാളിയെ കർത്താവ് നിങ്ങൾക്ക് തിരഞ്ഞെടുത്തുതരും. നിങ്ങൾ ഇടപെട്ടാൽ കർത്താവ് അക്കാര്യത്തിൽ ഇടപെടില്ല. നിങ്ങളുടെ സ്നേഹം പരിശോധിച്ചുനോക്കുവിൻ. നിങ്ങൾക്ക് ആരോട് എപ്രകാരമുള്ള സ്നേഹമാണുള്ളത്?

നിങ്ങൾ ദൈവപൈതലാണെങ്കിൽ, പരിശുദ്ധാത്മാവ് തെറ്റായ സ്നേഹത്തെ നിങ്ങൾക്ക് കാണിച്ചുതരും. അതുകൊണ്ട് സ്നേഹിതരെ ശ്രദ്ധിക്കുവിൻ. ദൈവിക സ്നേഹം സ്ഥിരമാണ്! അത് ആത്യന്തികമായി സ്വർഗീയമായ നിത്യജീവനിലേക്ക് നയിക്കും. നിങ്ങളുടെ ഉള്ളിലെ സ്നേഹം ദൈവിക സ്നേഹമാണെങ്കിൽ, നിങ്ങൾ നന്മ പ്രവർത്തിക്കും. നിങ്ങൾ ലോകത്തിന് സാക്ഷികളാകും. ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുന്നവരായിരിക്കും. അതുകൊണ്ട് ആ ദിവ്യസ്നേഹത്തിനായി ഇന്നുതന്നെ പരിശ്രമിക്കുവിൻ. കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ഇന്ന് മുതൽ നിങ്ങളുടെ ട്രെൻഡ് ദൈവസ്നേഹത്തിൽ നിലനിൽക്കുന്നതാകട്ടെ.



# സ്വപ്നം സാക്ഷാത്കരിച്ചു!

**തമിഴ്നാട്ടിൽ ജനിച്ച്, പല പ്രതികൂലങ്ങൾ നേരിട്ട് കുടുംബത്തിൽ ആദ്യത്തെ ഡോക്ടറായ ഡോ. ജിഹാൻസിന്റെ മെഡിക്കൽ പഠനത്തിലെ അനുഭവങ്ങൾ കേൾക്കാമോ?**



**നിങ്ങളുടെ കുടുംബം, കുട്ടിക്കാലം, സ്കൂൾ വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് പറയാമോ?**

എന്റെ പേര് ജിഹാൻസ്. എന്റെ പിതാവ് എഞ്ചിനീയറാണ്. അമ്മ വീട്ടിലായിരിക്കുന്നു. സഹോദരൻ എഞ്ചിനീയറിങ് പഠിച്ചുകൊണ്ടിരിക്കുന്നു. കുട്ടിക്കാലം മുതൽ ഡോക്ടറാകണമെന്നതായിരുന്നു എന്റെ ആഗ്രഹം. മെഡിസിൻ അല്ലെങ്കിൽ എഞ്ചിനീയറിങ് പഠിക്കുമെന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല. ഒരു ഡോക്ടറാവുക എന്നത് മാത്രമായിരുന്നു എന്റെ ആഗ്രഹം. എന്റെ കുട്ടിക്കാലം, അതായത്, ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ മുതൽ വേദപുസ്തകത്തിൽ, "I want to become a doctor" എന്ന് എനിക്കറിയാവുന്നതുപോലെ ഇംഗ്ലീഷിൽ എഴുതിവച്ച് പ്രാർത്ഥിച്ചിരുന്നു. കുട്ടിക്കാലം മുതൽ എനിക്ക് ഡോക്ടറാകണം എന്ന് വളരെ ആഗ്രഹമായിരുന്നു. എന്റെ കുടുംബത്തിൽ ആരും ഡോക്ടറായിരുന്നില്ല. അതുകൊണ്ട് അതിനെക്കുറിച്ച് എനിക്ക് യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. ഞാനാണ് എന്റെ കുടുംബത്തിൽ ആദ്യത്തെ ഡോക്ടർ. ഈ കോഴ്സ് എങ്ങനെയായിരിക്കുമെന്ന് എനിക്കറിയില്ല. എന്റെ കുട്ടിക്കാലത്ത് പിതാവ് എന്നെ വളരെ സ്നേഹത്തോടെയാണ് വളർത്തിയത്. അതുകൊണ്ട് കുട്ടിക്കാലത്തുണ്ടായ ബുദ്ധിമുട്ടുകളൊന്നും ഞാൻ കണ്ടിരുന്നില്ല. പക്ഷേ ധാരാളം കഷ്ടപ്പാടുകൾ സഹിച്ചാണ് പിതാവ് ഞങ്ങളെ വളർത്തിയത്.

**ശരി... കഷ്ടപ്പെട്ട് നിങ്ങളെ കോളേജിലേക്ക് അയച്ചു.... നിങ്ങളുടെ കോളേജ് വിദ്യാഭ്യാസം എങ്ങനെയായിരുന്നു?**

ഞാൻ 11-ാം ക്ലാസിൽ പഠിക്കുമ്പോഴാണ് NEET ആരംഭിച്ചത്. ഇപ്പോൾ എല്ലാവർക്കും NEET എന്താണെന്ന് അറിയാം. പക്ഷേ ഞാൻ പഠിക്കുമ്പോൾ NEET ആരംഭിച്ചിട്ട് രണ്ട് വർഷമേ ആയിരുന്നുള്ളൂ. എങ്ങനെ പഠിക്കണമെന്ന് അറിയില്ല. ഞങ്ങൾക്ക് ഒരു ധാരണയുമുണ്ടായിരുന്നില്ല. അക്കാലത്ത് ഞങ്ങൾക്ക് ഗ്രേസ് മാർക്ക് ഒന്നും ഉൾപ്പെടുത്തില്ലെന്ന് പറയപ്പെട്ടു. അതുകൊണ്ട് ഞാൻ നീറ്റ് പരീക്ഷയ്ക്ക് മാത്രം ശ്രദ്ധ നൽകി പഠിച്ചുകൊണ്ടിരുന്നു. വെള്ളിയാഴ്ച വരെ ഞാൻ സ്കൂളിലെ വിഷയങ്ങൾ പഠിക്കും. ശനിയും, ഞായറും നീറ്റ് ക്ലാസിൽ പോയി അതിനായി പഠിച്ചു. ഞാൻ ഒരു ശരാശരി





വിദ്യാർത്ഥി ആയിരുന്നെങ്കിലും, അത് പഠിച്ച് പൂർത്തിയാക്കുന്നത് ഒരു വലിയ വെല്ലുവിളിയായിരുന്നു. നീറ്റ് പരീക്ഷ കഴിഞ്ഞ് കൗൺസിലിംഗ് ആരംഭിച്ചു. NEETൽ basic മാർക്ക് നേടുവാൻ വളരെ ബുദ്ധിമുട്ടായിരുന്നു. പക്ഷേ കഷ്ടപ്പെട്ട് പഠിച്ച് ഞാൻ പരീക്ഷ പാസായി. മെഡിസിൻ പഠിക്കാൻ ധാരാളം പണം ആവശ്യമാണ്. വളരെ കഷ്ടപ്പെട്ട് ഫീസ് അടച്ച് എന്നെ പഠിപ്പിച്ചു. അതിന് പുറമെ, കർത്താവ് കൂടെയിരുന്ന്, ഫീസ് അടയ്ക്കുവാനും, പഠിക്കുവാനും എന്നെ വളരെയധികം സഹായിച്ചു.

**ഒരു വിധത്തിൽ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു... നിങ്ങളുടെ കോളേജ് അനുഭവങ്ങൾ പറയാമോ?**

12-ാം ക്ലാസുവരെ ഞാൻ എന്റെ മാതാപിതാക്കളെ വിട്ട് ഒരിടത്തും പോയിട്ടില്ല. വീടു വിട്ട്, എന്റെ മാതാപിതാക്കളെ വിട്ട്, തനിച്ചാകുന്ന ആദ്യത്തെ അനുഭവമായിരുന്നു അത്. ഒന്നാം വർഷം പഠിക്കുമ്പോൾ ധാരാളം പ്രശ്നങ്ങൾ ഉണ്ടായി. അപ്പോൾ ഇത് വിട്ടുകളയാം എന്നുപോലും ചിന്തിച്ചിരുന്നു. ആദ്യത്തെ വർഷം വളരെ പ്രയാസമായിരുന്നു. എല്ലാം പുതിയതായിരുന്നു. ധാരാളം പഠിക്കണം, എന്താണ് പഠിക്കേണ്ടതെന്ന് അറിയില്ല! വളരെ ബുദ്ധിമുട്ടായിരുന്നു.

**കോളേജ് പഠനം കർത്താവ് അനുഗ്രഹിച്ചു... നിങ്ങളുടെ പരീക്ഷാ ദിവസങ്ങളെക്കുറിച്ച് പറയാമോ?**

രാവും പകലും പഠിക്കണം. എല്ലാവരും അവസാനം കുറച്ച് കഷ്ടപ്പെടും. പരീക്ഷാ ദിവസങ്ങളിൽ ഭക്ഷണം കഴിക്കാനും മറന്നുപോകും. പ്രാക്ടിക്കൽ ദിവസങ്ങളിൽ വളരെ ബുദ്ധിമുട്ടായിരിക്കും. പരീക്ഷാ ദിവസങ്ങളിൽ വളരെ ഭയമായിരിക്കും. ഭയം



നിമിത്തം പഠിച്ചതൊക്കെയും മറന്നുപോയതുപോലെ അനുഭവപ്പെടും. ഉറക്കം വരും, എങ്കിലും പരീക്ഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഉറങ്ങുവാൻ കഴിയില്ല. പരീക്ഷാ ദിവസങ്ങളിൽ 3 മണിക്കൂർ ഉറങ്ങുന്നത് തന്നെ അധികമാണ്. 4 മണിക്ക് ഉണരണം എന്ന് ചിന്തിച്ച് കിടന്നാലും, അതിന് മുമ്പേ ഉറക്കമെഴുന്നേൽക്കും. ഉടനെ സങ്കീർത്തനം 34 വായിക്കുമ്പോൾ തന്നെ വളരെ വിങ്ങലുണ്ടാകും . എന്നാൽ വായിച്ച് കഴിയുമ്പോൾ, വളരെ സന്തോഷമാകും. അതിനുശേഷം പഠന വിഷയങ്ങൾ പഠിക്കുവാൻ തുടങ്ങും. പഠിക്കുന്ന കാലത്ത് വളരെ ബുദ്ധിമുട്ടുകൾ നേരിട്ടപ്പോഴൊക്കെയും, എന്റെ സ്നേഹിതർ എല്ലാത്തിനും എനിക്ക് പിന്തുണയായിരുന്നു.

അതുകൊണ്ട് എല്ലാ പ്രശ്നങ്ങളും ശരിയായി കൈകാര്യം ചെയ്യുവാൻ എനിക്ക് കഴിഞ്ഞു. എന്റെ കോളേജ് ജീവിതം അങ്ങനെയായിരുന്നു. കോളേജിൽ 15 മുതൽ 20 ക്രൈസ്തവ പെൺകുട്ടികൾ ഉണ്ടായിരുന്നു. ഞങ്ങൾക്ക് എല്ലാ ഞായറാഴ്ചയും രാവിലെ 1 മണിക്കൂർ വേദപുസ്തകം വായിച്ച് പ്രാർത്ഥിക്കുന്ന ഒരു കൂട്ടായ്മ ഉണ്ടായിരുന്നു. അത് ഞങ്ങളെ കൂടുതൽ ശക്താരാക്കി. ഞങ്ങൾ അത് മുടങ്ങാതെ ചെയ്തുവന്നു.

**ബിരുദ പഠനത്തിന്റെ അവസാന നിമിഷങ്ങളെക്കുറിച്ച് പറയാമോ?**

റിസൾറ്റ് വന്ന നിമിഷം എനിക്ക് വളരെ സന്തോഷമായിരുന്നു. പരീക്ഷ എഴുതുമ്പോൾ ഒരു



വിഷയം ചെറിയ ബുദ്ധിമുട്ടായിരുന്നാൽ, ആ വിഷയത്തെക്കുറിച്ച് എനിക്ക് വളരെ ഭയമായിരിക്കും. യേശുവേ വീണ്ടും എനിക്ക് കോളേജിൽ ചേർന്ന് പഠിക്കുവാൻ കഴിയില്ല എന്ന് പ്രാർത്ഥിക്കും. കർത്താവിന്റെ കൃപയാൽ എല്ലാ വിഷയവും പാസായി. ആ നിമിഷങ്ങൾ എനിക്ക് മറക്കുവാൻ കഴിയില്ല. 5 വർഷം പഠിച്ചതിന്റെ കഷ്ടപ്പാടുകൾ എല്ലാം ഒരു നിമിഷം എന്റെ കണ്ണിനുമുന്നിൽ വന്നു. 5 1/2 വർഷം ഇതിനുവേണ്ടിയാണ് കഷ്ടപ്പെട്ടത് എന്ന് ചിന്തിക്കുമ്പോൾ വളരെ സന്തോഷമായിരുന്നു. എന്റെ കുട്ടിക്കാലത്തെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടതിൽ ഞാൻ വളരെ സന്തോഷിച്ചു.

**നിങ്ങളെപ്പോലെ മെഡിസിൻ പഠിക്കാൻ തയാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് നിങ്ങൾ എന്ത് ഉപദേശമാണ് നൽകുന്നത്?**

പരിഭ്രമവും, പേടിയുമുള്ള ഒരു ശരാശരി വിദ്യാർത്ഥിയായിരുന്ന എനിക്ക് പഠിക്കുവാൻ കഴിയുമെങ്കിൽ, മെഡിസിൻ പഠിക്കണം എന്ന ലക്ഷ്യത്തോടെ പഠിക്കുന്ന നിങ്ങൾക്കും നിങ്ങളുടെ ലക്ഷ്യം നേടുവാൻ കഴിയും. കഷ്ടപ്പെട്ട് നന്നായി പഠിക്കണം, ആദ്യം കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥിക്കണം. എനിക്ക് ജ്ഞാനം നൽകിയ യേശു തീർച്ചയായും നിങ്ങൾക്കും ജ്ഞാനം നൽകും. **NEET** എഴുതാൻ തയാറെടുക്കുന്നവരായാലും, ഡോക്ടറാകുവാൻ പഠിച്ചുകൊണ്ടിരിക്കുന്നവരായാലും പ്രാർത്ഥിക്കുവിൻ. കർത്താവ് നിങ്ങളെ സഹായിക്കും. ശ്രദ്ധയോടുകൂടി പ്രാർത്ഥിച്ച് പഠിക്കുമ്പോൾ പരീക്ഷാ ദിവസങ്ങളിൽ ഏത് ചോദ്യം ഉണ്ടാകുമെന്ന് യേശു നിങ്ങൾക്ക് പറഞ്ഞുതരും.

പ്രിയപ്പെട്ട യൗവനക്കാരെ, ഡോക്ടർ ജിഹാൻസിന്റെ ജീവിതത്തിലെ ദുഷ്കരമായ പാതകളിലും, ബലഹീനതകളിലും കർത്താവ് കൂടെയിരുന്ന് ബലപ്പെടുത്തി വഴിനടത്തി. 5 1/2 വർഷം നേരിട്ട കഷ്ടങ്ങൾ മാറി ഇന്ന് ഒരു ഡോക്ടറായിരിക്കുന്നുവെങ്കിൽ, ഉറക്കം കളഞ്ഞും, മാതാപിതാക്കളെ വിട്ടുപിരിഞ്ഞു നിന്ന സാഹചര്യത്തിലും കൂടെയിരുന്ന് കാര്യങ്ങൾ നടത്തുവാൻ കർത്താവിന് കഴിയുമെങ്കിൽ, ഇന്ന് നിങ്ങളെയും വഴി നടത്തുവാൻ കർത്താവിന് കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കണം. പ്രാർത്ഥനയോടെ പ്രവർത്തിക്കുവിൻ! വിജയം നിശ്ചയം!


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
| --- | --- | --- |
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | | Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ!




ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാരിൽ, ഈ മാസം യോഹന്നാൻ അപ്പൊസ്തലനെക്കുറിച്ച് ധ്യാനിക്കുവാൻ പോകുന്നു. ക്രിസ്തുവുമായുള്ള ബന്ധം നിമിത്തം ജീവിതാവസാനം വരെ അദ്ദേഹം കർത്താവിനുവേണ്ടി നിലനിന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും കൂടെ എന്ന വിധത്തിലാണ് അദ്ദേഹം ജീവിച്ചത് (1 യോഹ.1:3-10).

യേശുക്രിസ്തുവുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ കൂട്ടായ്മ ശ്രേഷ്ഠമായിരുന്നു! അവസാന അത്താഴത്തിൽ യേശുവിന്റെ മാർവിടത്തു ചാരിയ പ്രിയ ശിഷ്യൻ എന്നും അറിയപ്പെടുന്നു (യോഹന്നാൻ 13:23).

ക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ യേശുവിനോട് കൂടെയുണ്ടായിരുന്നത് ഇദ്ദേഹമായിരുന്നു (യോഹന്നാൻ 19:26). അന്ന് ക്രിസ്തു നേരിട്ട കഷ്ടപ്പാടുകൾ കണ്ട അവൻ തീർച്ചയായും തന്റെ ജീവിതത്തിൽ അത് മറക്കുകയില്ല. ക്രിസ്തുവിന്റെ കഷ്ടപ്പാടുകളെക്കുറിച്ച് അറിഞ്ഞിരിക്കുന്ന നാമും ക്രിസ്തുവിനോട് നമുക്കുള്ള സ്നേഹത്താൽ അനുദിനം വളരുവാൻ ആഗ്രഹിക്കും.

ക്രിസ്തുവിനോടുള്ള സ്നേഹം മാത്രമേ അവസാനം വരെ നമ്മെ ക്രിസ്തുവിനുവേണ്ടി നിലനിർത്തുകയുള്ളൂ. നമ്മുടെ തീരുമാനങ്ങളും, തീക്ഷ്ണതയും ഒരു ദിവസം പരാജയപ്പെടും. യോഹന്നാൻ ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ജീവിച്ചതിനാൽ, അവൻ കിടന്ന തടവറ ഒരു തടവറയായി അനുഭവപ്പെടാതെ കർത്താവുമായി കൂട്ടായ്മയുള്ള പ്രാർത്ഥനാ മുറിയായി മാറ്റപ്പെട്ടു. അത് നിമിത്തം അവനെക്കൊണ്ട് കർത്താവിന് വെളിപ്പാട് പുസ്തകം എഴുതാൻ കഴിഞ്ഞത്.

ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിയുകയും ജീവിതാവസാനം വരെ കർത്താവിനുവേണ്ടി ജീവിക്കുകയും ചെയ്ത അപ്പൊസ്തലനായ യോഹന്നാനെപ്പോലെ നമുക്കും ജീവിക്കാം. ക്രിസ്തുവുമായുള്ള സ്നേഹത്തെക്കുറിച്ച് നമുക്ക് കൂടുതൽ ധ്യാനിക്കാം. കർത്താവിനെ സ്നേഹിച്ച് കർത്താവിനുവേണ്ടി നിലനിൽക്കാം.



# വിട്ടുമാറുവിൻ!!




സഹോദരാ, ഞാൻ 11-ാം ക്ലാസിൽ പഠിക്കുന്നു, കുട്ടിക്കാലം മുതൽ സ്കൂളിൽ എല്ലാ ക്ലാസിലും നന്നായി പഠിച്ചിരുന്നു. 10-ാം ക്ലാസിൽ 480 ൽ അധികം മാർക്കോടെ പാസായി. 11-ാം ക്ലാസിൽ എനിക്ക് ഇഷ്ടപ്പെട്ട ഗ്രൂപ്പിൽ ചേർന്ന് നന്നായി പഠിച്ചു. ഞാൻ ആരോടും അധികം സംസാരിക്കാറില്ല. വളരെ ലജ്ജാശീലനാണ്. എന്നാൽ എന്റെ ക്ലാസ് ടീച്ചർ എന്നോട് അമിതമായി സംസാരിക്കാറുണ്ടായിരുന്നു. പാഠ്യവിഷയങ്ങൾക്ക് പുറമേ, അവർ എന്റെ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചും സംസാരിക്കും. ചിലപ്പോൾ എന്നെ സ്പർശിച്ച് സംസാരിക്കും, അടുത്ത് ഇടപെടും. ക്ലാസിലെ എല്ലാവരും പോയതിനുശേഷം എന്നോട് സ്വകാര്യമായി സംസാരിക്കും. എന്നിട്ട് 'ഇത് കാണൂ' എന്നു പറഞ്ഞ് അശ്ലീല വീഡിയോ കാണിക്കും. അവർ എന്നെ വളരെയേറെ സ്നേഹിക്കുന്നതുപോലെ സമ്മാനങ്ങൾ നൽകുന്നു. എനിക്ക് അത് ശരിയാണെന്ന് തോന്നിയില്ല. അതുകൊണ്ട് സ്വകാര്യമായി സംസാരിക്കുന്നത് ഞാൻ ഒഴിവാക്കിയതിന് അവർ എന്നോട് ദേഷ്യപ്പെട്ടു. ആവശ്യമില്ലാതെ ശകാരിക്കുന്നു. ക്ലാസിലെ എല്ലാവരുടെയും മുന്നിൽ വച്ച് എന്നെ അപമാനിക്കുന്നു. എന്ത് ചെയ്യുമെന്ന് എനിക്കറിയില്ല. ഈ പ്രശ്നം കാരണം എനിക്ക് പഠനത്തിൽ ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. ആരോടും പറയുവാനും കഴിയുന്നില്ല... സഹായിക്കൂ pls. - രാജ്, ആന്ധ്ര.

രാജ്, നിങ്ങളുടെ പ്രശ്നം എനിക്ക് മനസ്സിലാകുന്നു. സഹപാഠികളിൽ നിന്നും എന്തെങ്കിലും പ്രശ്നമുണ്ടായാൽ അധ്യാപികയോട് പരാതിപ്പെടുകയും, സഹായം ആവശ്യപ്പെടുകയും ചെയ്യാം. പക്ഷേ സഹായിക്കേണ്ട അധ്യാപിക തന്നെതെറ്റായ ചിന്തയോടെ ഇടപെടുമ്പോൾ, ആരുടെ അടുക്കൽ പോയി സഹായം ചോദിക്കും, പരാതി പറയും എന്ന് സങ്കടപ്പെടുന്നത് എനിക്ക് മനസ്സിലാക്കാം.

രാജ്, ഒരു അധ്യാപികയായിരുന്നാലും അതിര് കടക്കുന്നത് തെറ്റാണ്. ഒരു അധ്യാപകനെ സംബന്ധിച്ചിടത്തോളം അപമര്യാദയായി സംസാരിക്കുന്നതും, കൂട്ടുകൂടുന്നതും നല്ല കാര്യമല്ല. അതിനാൽ നിങ്ങൾ ഒതുങ്ങി നിൽക്കുന്നതും, അവരിൽ നിന്ന് മാറിപ്പോകുന്നതുമാണ് നല്ലത്.

പാഠങ്ങളും, സ്വഭാവവും, അച്ചടക്കവും പഠിപ്പിച്ച് ഒരു വിദ്യാർത്ഥിയെ ഒരു മാണിക്യമാക്കി മാറ്റേണ്ട അധ്യാപകർ തന്നെ വിദ്യാർത്ഥിയുടെ ജീവിതം നശിപ്പിക്കുന്ന അപലപനീയമായ പ്രവൃത്തിയാണിത്. രാജ്, നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും ആഴമായി അറിയേണ്ട കാര്യമെന്തെന്നാൽ, ഇത് തെറ്റായ ബന്ധമാണെന്നും, ആഗ്രഹങ്ങളാണെന്നും ഓർമ്മിക്കണം. ഒരു വിദ്യാർത്ഥിയെ തന്റെ കുഞ്ഞായി കണക്കാക്കി ഉന്നതങ്ങളിൽ എത്തിക്കേണ്ട അധ്യാപിക അശ്ലീലമായി സംസാരിക്കുന്നതും ഇടപഴകുന്നതും വളരെ തെറ്റാണ്. അതുകൊണ്ട് ആദ്യം വിട്ടുമാറുന്നത് നിങ്ങളുടെ ലക്ഷ്യമായിരിക്കണം.

എന്നാൽ ഇന്നത്തെ മാധ്യമങ്ങൾ അത്തരം തെറ്റായ ബന്ധങ്ങൾ പ്രശസ്ത നടന്മാർ അഭിനയിക്കുന്നതിനാലും, ഇത് ശരിയായ ബന്ധമായും, ഇതിൽ തെറ്റൊന്നുമില്ല എന്ന രീതിയിൽ തെറ്റായ ബന്ധങ്ങളെയും അശുദ്ധമായ ഇച്ഛകളെയും ശരിയായ സംസ്കാരമാണെന്ന് **ISI, AGMARK** മുദ്രയിടുന്നു. ഇങ്ങനെയാണ് മാധ്യമങ്ങൾ മോശമായ ശീലങ്ങൾ ഒരു സംസ്കാരമായി കാണിക്കുന്നത്. അതുകൊണ്ട് രാജ്, ജാഗ്രതയോടെ ഇരിക്കണം.

## ഈ തെറ്റായ ബന്ധം തുടർന്നാൽ എന്ത് സംഭവിക്കും?

ഈ അനാവശ്യ സംസാരം പിന്നീട് തെറ്റായ പ്രവൃത്തികളിലേക്ക് നയിക്കും. അത് അപകടകരവും, വികൃതവുമാണ്.

നിങ്ങളുടെ വിദ്യാഭ്യാസവും ഭാവി സ്വപ്നങ്ങളുമെല്ലാം നഷ്ടമാകും. തെറ്റായ ബന്ധത്തിൽ ആയിരിക്കുന്നു എന്ന് സ്കൂളിൽ അറിഞ്ഞാൽ സ്കൂൾ മാനേജ്മെന്റ് നിങ്ങളെ പുറത്താക്കും.

നിങ്ങൾ നിമിത്തം നിങ്ങളുടെ മാതാപിതാക്കൾക്ക് വലിയ അപമാനം ഉണ്ടാകാം.

തെറ്റ് ചെയ്തു എന്ന കുറ്റബോധത്താൽ മനസ്സാക്ഷി നിങ്ങളെ നിരന്തരം വേദനിപ്പിച്ചുകൊണ്ടിരിക്കും.

സമൂഹത്തിലെ നിങ്ങളുടെ സൽപേര് നിങ്ങൾ തന്നെ നശിപ്പിക്കും.

അതുനിമിത്തം വിഷാദരോഗം പിടിപെടാനും തുടർന്ന് ആത്മഹത്യ എന്ന തെറ്റായ തീരുമാനത്തിലേക്ക് പോകുവാനും സാധ്യതയുണ്ട്.

## ഈ ബന്ധം ഒഴിവാക്കിയാൽ...



- വീണ്ടും നിങ്ങൾക്ക് പഠനത്തിൽ ശ്രദ്ധിക്കുവാനും ഉന്നതങ്ങളിൽ എത്തിച്ചേരുവാനും സാധിക്കും.
- നിങ്ങളെ വിശ്വസിക്കുന്ന മാതാപിതാക്കൾക്ക് നിങ്ങൾ നിമിത്തം അഭിമാനവും സന്തോഷവും ഉണ്ടാകും.
- വിദ്യാർത്ഥികളുടെ മധ്യത്തിൽ നിങ്ങൾ നല്ല അച്ചടക്കമുള്ള വിദ്യാർത്ഥിയായിരിക്കും.
- ആ അധ്യാപികയുടെ ആഗ്രഹം അനുസരിക്കാത്തതിന് അവർ നിങ്ങളെ കുറ്റപ്പെടുത്തിയേക്കാം. എന്നാൽ, നിങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കുമ്പോൾ, തീർച്ചയായും നിങ്ങൾ മാനിക്കപ്പെടും. ഒരിക്കലും പാപ പ്രവൃത്തിയിൽ ഏർപ്പെടരുത്.

രാജ്, നിങ്ങളുടെ ജീവിതം പോലെ വേദപുസ്തകത്തിലെ യോസേഫ് എന്ന യൗവനക്കാരനെ, ഒരു സ്ത്രീ തെറ്റ് ചെയ്യുവാൻ പ്രേരിപ്പിച്ചപ്പോഴും, അവൻ ആ സ്ത്രീയെ വിട്ട് ഓടിപ്പോയി. തന്റെ യൗവനപ്രായത്തിൽ വിശുദ്ധ ജീവിതം നയിക്കാനും, അച്ചടക്കം പാലിക്കുവാനും അദ്ദേഹം തീരുമാനിച്ചു. ആ നിശ്ചയദാർഢ്യം അദ്ദേഹത്തെ ഉന്നതങ്ങളിൽ എത്തിച്ചു.

**അതുകൊണ്ട് ചിന്തിച്ച് പ്രവർത്തിക്കുക! യേശു നിങ്ങളെ സഹായിക്കും. വിശുദ്ധവും വിജയകരവുമായ ജീവിതം നയിക്കുവാൻ കർത്താവ് നിങ്ങളെ സഹായിക്കും.**

**വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ള കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടാകുമാറാകട്ടെ (യൂദാ 1:24). ഭയമില്ലാതെ, കുറ്റമറ്റ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുവിൻ! യേശു നിങ്ങളെ സഹായിക്കും!**

# വിടുതൽ നൽകുന്ന ക്രൂശ്

എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത് (ഗലാത്യർ 6:14).









പൗലൊസ് യേശുവിനെതിരെയും ക്രൈസ്തവർക്കെതിരെയും എഴുന്നേറ്റ് യേശുവിനെ പ്രസംഗിക്കുന്നവരെ തടവിലാക്കുകയും, അവരെ ക്രൂരമായി പീഡിപ്പിക്കുകയും സഭയ്ക്ക് നേരെ വലിയ ഉപദ്രവങ്ങൾ അഴിച്ചുവിടുകയും ചെയ്തു. അദ്ദേഹം വലിയ ഭക്തനും യഹൂദ പാരമ്പര്യത്തോട് തീക്ഷ്ണതയുമുള്ള ആളായിരുന്നു. അപ്പൊ. പ്രവർത്തികൾ 9-ാം അധ്യായത്തിൽ കർത്താവായ യേശുക്രിസ്തു പൗലൊസിന്റെ മുന്നിൽ വെളിപ്പെട്ടു. പൗലൊസിന്റെ ജീവിതം മാറി. യേശുക്രിസ്തുവാണ് സത്യദൈവമെന്ന് അറിഞ്ഞുകൊണ്ട്, അവൻ കർത്താവിനെ തന്റെ ജീവിതത്തിൽ രക്ഷകനായി സ്വീകരിച്ചു. അതിനുശേഷം യേശുവിനോടുകൂടെ ജീവിക്കുന്ന അനുഭവം പ്രാപിച്ച അദ്ദേഹം നിരവധി സഭകൾ സ്ഥാപിച്ചു. സഭ എങ്ങനെ ആയിരിക്കണം? ദൈവത്തിൽ എങ്ങനെ വളരണം? എന്നതിനെക്കുറിച്ച് കർത്താവ് ഇദ്ദേഹത്തിലൂടെ നിരവധി ലേഖനങ്ങൾ എഴുതി. അദ്ദേഹം യേശുക്രിസ്തുവിന്റെ ക്രൂശിമായുള്ള ബന്ധത്തിൽ ജീവിതം നയിച്ചു. അദ്ദേഹം എഴുതിയ ലേഖനങ്ങൾ ശ്രദ്ധയോടെ വായിക്കുമ്പോൾ, എല്ലാ ലേഖനങ്ങളിലും യേശുവിന്റെ ക്രൂശിനെക്കുറിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. ക്രൂശ് പാപത്തിന്റെ ക്രൂരത വെളിപ്പെടുത്തുന്നു.

രണ്ട് കള്ളന്മാർക്കിടയിൽ ഒരു കള്ളനെപ്പോലെ യേശു ആകാശത്തിനും ഭൂമിക്കും മദ്ധ്യേ മരക്കുരിശിലേറ്റപ്പെട്ടു. സങ്കീർത്തനം 33:19- ൽ നാം വായിക്കുന്നതുപോലെ, കർത്താവ് ഒരു മനുഷ്യനായി അവതരിക്കപ്പെടുകയും യേശു എന്ന പേരിൽ ക്രൂശിൽ തൂങ്ങുകയും ചെയ്തുവെന്ന് വചനം സൂചിപ്പിക്കുന്നു.





സ്വർഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു (യെശയ്യാവ് 66:1) എന്ന് അരുളിച്ചെയ്ത സർവ്വശക്തനായ ദൈവം.

ആകാശവും ഭൂമിയും ഉണ്ടാക്കിയ സർവ്വ ശക്തനായ ദൈവം (സങ്കീ. 121:2).

നക്ഷത്രങ്ങളെ എണ്ണുകയും അവയ്ക്കൊക്കെയും പേർ വിളിക്കുകയും ചെയ്ത സർവ്വ ശക്തനായ ദൈവം (സങ്കീ. 147:4



## ആകാശവും ഭൂമിയും ഉണ്ടാക്കിയ ദൈവം എന്തിന് ക്രൂശിൽ തൂങ്ങണം? യേശു എന്ത് പാപമാണ് ചെയ്തത്?

ഭരണകൂടത്തിനെതിരെ കലാപം നടത്തുന്ന, കൊലപാതകവും കവർച്ചയും നടത്തുന്ന, സമൂഹത്തെ ദ്രോഹിക്കുന്ന, അത്രയും കൊടും കുറ്റവാളികൾക്ക് അന്ന് ഭരിച്ചിരുന്ന റോമൻ ഭരണകൂടം ക്രൂശുമരണമാണ് നൽകിയിരുന്നത്. യേശു എന്ത് പാപം ചെയ്തു? എന്ത് കുറ്റമാണ് ചെയ്തത്? എന്തുകൊണ്ടാണ് യേശുവിന് ക്രൂശിലേക്ക് പോകേണ്ടിവന്നത്? യേശുവിന്റെ ജീവിതം സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ: യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ ഈസ്കര്യോത്താ മൂന്നര വർഷം യേശുവിനോടൊപ്പം ഉണ്ടായിരുന്നു, അവൻ യേശുവിന്റെ ജീവിതത്തെക്കുറിച്ച് വളരെ അറിവുള്ളവനായിരുന്നു. ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞതായി വചനം നമ്മോട് പറയുന്നു (മത്തായി 27:4). യേശുക്രിസ്തുവിനെ മരണശിക്ഷയ്ക്ക് വിധിച്ച റോമൻ ഭരണകൂടം പീലാത്തൊസിന്റെ അടുത്തേക്ക് അയച്ചു. മരണശിക്ഷയ്ക്ക് വിധിക്കുവാൻ തക്കവണ്ണം അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് പറയുന്നതും നാം വായിക്കുന്നു (യോഹന്നാൻ 19:4).

യേശു തീർച്ചയായും ദൈവപുത്രനാണ്, അത്യുന്നതനും, പാപമില്ലാത്തവനും, ഒരു കുറ്റവുമില്ലാത്തവനും ദൈവപുത്രനുമാണ് എന്ന് ശതാധിപന്റെ പടയാളികൾ സാക്ഷ്യം വഹിക്കുന്നു. യേശുവിനെ എതിർക്കുന്നവർക്കോ, അസൂയ നിമിത്തം കുറ്റപ്പെടുത്തുന്നവർക്കോ യേശുവിന്മേൽ കുറ്റം കണ്ടെത്താൻ കഴിയാത്തവിധത്തിലുള്ള ജീവിതമാണ് യേശു നയിച്ചിരുന്നത്.

അത്തരം പാപരഹിതമായ ജീവിതം നയിച്ച യേശുക്രിസ്തു നമ്മുടെ അകൃത്യങ്ങളും അതിക്രമങ്ങളും നിമിത്തം മുറിവേൽക്കപ്പെട്ടു. നമ്മുടെ പാപങ്ങളാണ് യേശുവിനെ ക്രൂശിലേക്ക് നയിച്ചത്. പാപം എത്ര ഭയാനകമാണെന്ന് ക്രൂശ് നമുക്ക് വെളിപ്പെടുത്തുന്നു. ഒരുപക്ഷേ ഇന്ന് നിങ്ങളും പാപത്തിൽ ജീവിച്ചുകൊണ്ടിരിക്കാം. മദ്യപാനം, മയക്കുമരുന്നിനോടുള്ള ആസക്തി, കൺമോഹം, ജഡമോഹം, അഹങ്കാരം, വൈരാഗ്യം, മറ്റുള്ളവരെക്കുറിച്ചുള്ള പരദൂഷണം, സ്വകാര്യ ജീവിതത്തിൽ കാണപ്പെടുന്ന പാപം എന്നിങ്ങനെയുള്ള പാപങ്ങൾ നിങ്ങളെ കീഴ്പ്പെടുത്തിരിക്കാം. ആ പാപത്തിന്റെ ഭീകരതയാണ് ദൈവപുത്രനെ ക്രൂശിലേക്ക് നയിച്ചത്. നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ക്രൂശിൽ ഏല്പിച്ചുകൊടുത്തു (ഗലാ. 1:4). നമ്മുടെ പാപമാണ് യേശുവിനെ ആ ഘോരമായ ക്രൂശിലേക്ക് നയിച്ചത്. നമ്മുടെ പാപം ഭയങ്കരമാണ്. അത് പരിശുദ്ധനായ ദൈവത്തെ ഒരു പാപിയായി ക്രൂശിലേറ്റി.

**പ്രിയപ്പെട്ട യൗവനക്കാരേ യേശുവിനെ അറിഞ്ഞിട്ടും, സഭയിൽ പോയിട്ടും, യേശു നിങ്ങൾക്കുവേണ്ടി മരിച്ചു എന്ന് അറിഞ്ഞിട്ടും തുടർന്നും എത്രനാൾ നീ പാപം ചെയ്തുകൊണ്ടേയിരിക്കും? ഇനിയും എത്ര നാൾ നീ പാപം നിമിത്തം അപമാനിക്കപ്പെടുവാൻ പോകുന്നു? നീ ക്രൂശിലേക്ക് തിരിയുവാനും, പാപം ഉപേക്ഷിച്ച് മാനസാന്തരപ്പെട്ട്, വിശുദ്ധ ജീവിതം നയിക്കുവാൻ സ്വയം സമർപ്പിക്കുവാനുമായി കർത്താവ് ഇന്ന് നിങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുന്നു. ക്രൂശിൽ തൂക്കപ്പെട്ട യേശുവിനെ നോക്കുവിൻ! ഇന്നുതന്നെ മാനസാന്തരപ്പെട്ട് യേശുവിന്റെ അടുത്തേക്ക് വരുവിൻ!**

# ക്രൂശും ഞാനും



**ലോകമെമ്പാടും പള്ളികളിലും, ഭവനങ്ങളിലും, ദൈവാലയ ഗോപുരങ്ങളിലും കുരിശിന്റെ ചിത്രങ്ങൾ കാണാവുന്നതാണ്. ക്രൈസ്തവർ കുരിശ് ഒരു  അടയാളമായി തങ്ങളുടെ കഴുത്തിൽ ധരിക്കുന്നതും, ചില ക്രൈസ്തവർ നോമ്പുകാലത്ത് മാത്രം നെറ്റിയിൽ കുരിശ് അടയാളപ്പെടുത്തുന്നതും പതിവാണ്.  ഈ രീതിയിൽ, കുരിശ് ക്രൈസ്തവരുടെ ജീവിതത്തിൽ ഒരു പ്രതീകം മാത്രമാണ്.  എന്നാൽ, "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ"  (ലൂക്കോസ് 9:23) എന്നാണ്  യേശു തന്നെ അനുഗമിച്ചവരോട് പറഞ്ഞത്.**

ക്രൂശ് എന്നാൽ കഷ്ടതകൾ, ഉപദ്രവങ്ങൾ, നിന്ദകൾ, അപമാനങ്ങൾ എന്ന് പലരും പറയുന്നു.  എന്നാൽ ഇവയെല്ലാം ക്രൈസ്തവ ജീവിതത്തിന്റെ ഒരു ഭാഗമാണ് എന്ന് നിങ്ങൾ മറക്കരുത്.  നിങ്ങൾ ചുമക്കേണ്ട ക്രൂശ് ക്രിസ്തുവിൽ നിന്ന് പഠിക്കണം. യേശു ക്രൂശിൽ കഷ്ടപാടുകൾ അനുഭവിക്കുക മാത്രമല്ല, അതിലൂടെ തന്റെ സ്നേഹവും ക്ഷമയും കരുണയും രക്ഷയും വെളിപ്പെടുത്തുകയും ചെയ്തു.  തന്നെ അപമാനിക്കുകയും നിഷ്കരുണം തല്ലുകയും ചെയ്തവരോടു കരുണ കാണിക്കുകയും,  തന്നോട് തിന്മ പ്രവർത്തിച്ചവരെ സ്നേഹിക്കുകയും, ക്രൂശിൽ എല്ലാം സഹിക്കുകയും ചെയ്തു.  "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ" (ലൂക്കോസ് 23:34).  ഇതൊക്കെയാണ് യേശു ക്രൂശിലൂടെ നമ്മെ പഠിപ്പിക്കുന്നത്.  കുരിശ് വെറുമൊരു അടയാളമല്ല.  നിങ്ങളെ നിന്ദിക്കുകയും, അപമാനിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നവരോട്  നിങ്ങൾ ക്ഷമിക്കുകയും അവരെ



സ്നേഹിക്കുകയും ചെയ്യണമെന്ന് യേശുവിന്റെ ക്രൂശ് നമ്മെ പഠിപ്പിക്കുന്നു.

നിങ്ങൾക്ക് മറ്റുള്ളവരോട് ക്ഷമിക്കാൻ കഴിയണമെങ്കിൽ യേശുവിനെപ്പോലെ എല്ലാം സഹിക്കുവാൻ ശീലിക്കണം. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20). എല്ലാ ദിവസവും നിങ്ങൾ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുമ്പോൾ, ഈ ഭൂമിയെ അതിജീവിക്കുവാൻ കഴിയും. അതായത് നിങ്ങളുടെ പഴയ മനുഷ്യനെയും, ജഡത്തെയും അതിന്റെ മോഹങ്ങളെയും, ഇച്ഛകളെയും, ലോക മോഹങ്ങളെയും, നമ്മുടെ ഹൃദയത്തിൽ ദുഷ്ടൻ വിതയ്ക്കുന്ന പക, പിണക്കം, ശാഠ്യം, കോപം, വഴക്കുകൾ, ഭിന്നത എന്നിവ എല്ലാ ദിവസവും പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ക്രൂശിൽ സമർപ്പിക്കണം. ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാ. 5:24). ഇങ്ങനെ എല്ലാ ദിവസവും ക്രൂശിക്കപ്പെട്ട യേശുവിനായി നിങ്ങളുടെ





ജീവിതം സമർപ്പിക്കുമ്പോൾ, നിങ്ങൾക്കും യേശുവിനെപ്പോലെ എല്ലാം സഹിക്കുവാനും, മറ്റുള്ളവരെ സ്നേഹിക്കുവാനും കഴിയും.

നിങ്ങളുടെ ചുറ്റുമുള്ളവരെ സ്നേഹിക്കുകയും, മറ്റുള്ളവരോട് കരുണയും ക്ഷമയും കാണിക്കുകയും ചെയ്യുന്നില്ലെങ്കിൽ, യേശുവിന് യോഗ്യനായിരിക്കുവാൻ കഴിയില്ല. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല (മത്തായി 10:38) എന്ന് യേശു പറയുന്നു. തന്നെ അനുഗമിക്കുന്നവരെല്ലാം താൻനടന്നതുപോലെ ആയിരിക്കണമെന്ന് യേശു ആഗ്രഹിച്ചിരുന്നു. എന്നാൽ ഇന്ന് പലരും കുരിശടയാളം ധരിച്ചുകൊണ്ട് യേശുവിനെപ്പോലെ അല്ല, ലോക മനുഷ്യരെപ്പോലെ ആയിരിക്കുന്നു. നിങ്ങളും അവരെപ്പോലെ ആണെങ്കിൽ യേശുവിന് യോഗ്യനായിരിക്കുകയില്ല. യേശു നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും മറ്റുള്ളവർക്ക് ചെയ്യുവിൻ. അപ്പോൾ നിങ്ങൾ യേശുവിന് യോഗ്യന്മാരായിത്തീരും.

***യൗവനക്കാരെ, ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു (1കൊരി.1:18). എല്ലാ ദിവസവും നിങ്ങളും ക്രൂശിനോട് ചേർന്ന് ജീവിക്കുവാൻ ശീലിക്കുവിൻ. അപ്പോൾ നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. ക്രൂശ് എന്റെ മുന്നിലും, ലോകം എന്റെ പിന്നിലും എന്ന് പാടിയാൽ മാത്രം പോരാ. എല്ലാ ദിവസവും യേശുവിനെപ്പോലെ ക്രൂശ് ചുമന്ന് യേശു നടന്നതുപോലെ നടക്കണം.***



# വീണ്ടും തളിർത്ത അത്തിമരം

പ്രിയ സ്നേഹിതരെ യേശുവിന്റെ നാമത്തിൽ സ്നേഹാശംസകൾ!

കഴിഞ്ഞ മാസം നാം ഇസ്രായേലിന്റെ ചരിത്രത്തെക്കുറിച്ച് അറിഞ്ഞു. ഈ മാസം നമുക്ക് ഇസ്രായേൽ രാഷ്ട്രത്തിന്റെ രൂപീകരണ ചരിത്രത്തെക്കുറിച്ച് കാണാം

ഇസ്രായേല്യർ മിസ്രയീം ദേശത്ത് വർദ്ധിച്ചു പെരുകുവാൻ തക്കവണ്ണം കർത്താവ് അവരെ അനുഗ്രഹിച്ചു. യോസേഫിനെ അറിയാത്ത മറ്റൊരു രാജാവ് എഴുന്നേറ്റ് യിസ്രായേല്യരെ വളരെ ക്രൂരമായി പീഡിപ്പിച്ചു. ഈ സമയത്ത്, യഹോവ തന്റെ ജനത്തെ രക്ഷിക്കാൻ ഇസ്രായേലിൽ ഒരു രക്ഷകനെ എഴുന്നേൽപ്പിച്ചു. അവനാണ് മോശെ.

അന്ന് യഹോവ അബ്രാമിനോട് ഒരു നിയമം ചെയ്തു: നിന്റെ സന്തതിക്കു ഞാൻ മിസ്രയീംനദി തുടങ്ങി ഫ്രാത്ത്നദിയായ മഹാനദിവരെയുള്ള ഈ ദേശത്തെ തന്നിരിക്കുന്നു (ഉല്. 15:18-20) എന്ന് അരുളിച്ചെയ്തു. ഇത് കർത്താവ് അബ്രഹാമിന് വാഗ്ദത്തം നൽകിയ വചനങ്ങളാണ്.

"യഹോവ അരുളിച്ചെയ്തത്: മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു; ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയീമ്യരുടെ കൈയിൽനിന്നു വിടുവിപ്പാനും ആ ദേശത്തുനിന്നു നല്ലതും വിശാലവുമായ ദേശത്തേക്ക്, കനാന്യർ, ഹിത്യർ, അമോര്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ സ്ഥലത്തേക്ക് കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു" (പുറ. 3:7,8). ഇത് മോശെയോട് കർത്താവ് പറഞ്ഞ വാക്കുകളാണ്.

ഇസ്രായേല്യർ മിസ്രയീമിൽ നിന്ന് വിടുവിക്കപ്പെട്ടു. അതിനുവേണ്ടി കർത്താവ് മോശെയെ ഉപയോഗിച്ചു. "യഹോവ ബലമുള്ള



കൈകൊണ്ട് അടിമവീടായ മിസ്രയീമിൽ നിന്നു ഞങ്ങളെ പുറപ്പെടുവിച്ചു" (പുറപ്പാട് 13:14).

"യഹോവയുടെ ദാസനായ മോശയുടെ മരണശേഷം, യഹോവ നൂന്റെ മകനായി മോശയുടെ ശുശ്രൂഷകനായ യോശുവയോട് അരുളിച്ചെയ്തത്: എന്റെ ദാസനായ മോശെ മരിച്ചു; ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ട് യോർദ്ദാനക്കരെ ഞാൻ യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന ദേശത്തേക്ക് കടന്നു പോകുവിൻ. നിങ്ങളുടെ ഉള്ളംകാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശെയോടു കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു. മരുഭൂമിയും ഈ ലെബാനോനും തുടങ്ങി ഫ്രാത്ത് എന്ന മഹാനദിവരെയും ഹിത്യരുടെ ദേശമൊക്കെയും പടിഞ്ഞാറു മഹാസമുദ്രംവരെയും നിങ്ങളുടെ അതിരായിരിക്കും" (യോശുവ 1:1-4). ഇത് കർത്താവ് വാഗ്ദത്തം ചെയ്ത കനാൻ ദേശമാണ്.

മോശെയ്ക്കുശേഷം, കർത്താവ് യോശുവയിലൂടെ ഇസ്രായേല്യരെ കനാൻ ദേശത്തേക്ക് കൊണ്ടുവന്നു, അത് ഇസ്രായേൽ ദേശമായി മാറി. യോശുവയിലൂടെ ഇസ്രായേൽ ജനത 12 ഗോത്രങ്ങളായി വിഭജിക്കപ്പെട്ടു.

യോശുവയ്ക്ക് ശേഷം ന്യായാധിപന്മാരുടെ കാലഘട്ടമായിരുന്നു. അതിനുശേഷം കർത്താവ് ശമുവേൽ പ്രവാചകനെ എഴുന്നേൽപ്പിച്ചു. അതിനുശേഷം ജനങ്ങൾ ശൗലിനെ രാജാവായി തിരഞ്ഞെടുത്തു. കർത്താവ് ശൗലിനെ നിരസിക്കുകയും ദാവീദിനെ തന്റെ ഹൃദയപ്രകാരമുള്ള രാജാവായി തിരഞ്ഞെടുക്കുകയും ചെയ്തു.

ദാവീദ് യെരുശലേം പിടിച്ചടക്കി ഇസ്രായേലിന്റെ തലസ്ഥാനമാക്കിമാറ്റി. ഇതാണ് ഇസ്രായേൽ ജനതയുടെ ചരിത്രം.

അവൻ (ദാവീദ്) ഹെബ്രോനിൽ യെഹൂദായ്ക്ക് ഏഴു സംവത്സരവും ആറു മാസവും യെരുശലേമിൽ എല്ലാ യിസ്രായേലിനും യെഹൂദായ്ക്കും മുപ്പത്തിമൂന്നു സംവത്സരവും രാജാവായി വാണു (2ശമു.5:5). കർത്താവ് ഒരു മനുഷ്യനെ (അബ്രഹാം) തിരഞ്ഞെടുത്ത് അവനെ അനുഗ്രഹിച്ച് ഇസ്രായേല്യനാക്കി മാറ്റി ഇസ്രായേൽ എന്ന ദേശമാക്കി മാറ്റുവാൻ കഴിഞ്ഞുവെങ്കിൽ, നിങ്ങളെയും അനുഗ്രഹിച്ച് വർദ്ധിപ്പിക്കുമെന്നത് നിശ്ചയമാണ്. നിങ്ങൾ ഇസ്രായേല്യരായി ഇരുന്നാൽ കർത്താവ് തീർച്ചയായും നിങ്ങളെ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും.



**"നിങ്ങളുടെ പിതാവായ അബ്രാഹാമിങ്കലേക്കും നിങ്ങളെ പ്രസവിച്ച സാറായിങ്കലേക്കും തിരിഞ്ഞുനോക്കുവിൻ; ഞാൻ അവനെ ഏകനായിട്ടു വിളിച്ച് അവനെ അനുഗ്രഹിച്ചു വർധിപ്പിച്ചിരിക്കുന്നു" ( യെശയ്യാവ് 51:2). ദൈവകൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.**

# അത്ഭുത വാർത്തകൾ!

**Hi friends... എല്ലാവരും സുഖമായിരിക്കുന്നുവോ? അത്ഭുത വാർത്തകൾ എന്ന പംക്തിയിലൂടെ വീണ്ടും നിങ്ങളെ കണ്ടുമുട്ടിയതിൽ അതിയായ സന്തോഷമുണ്ട്. friends... നമുക്ക് പംക്തിയിലേക്ക് കടക്കാമോ? Wait.. Wait. അതിനുമുമ്പ് ഒരു സന്തോഷകരമായ സുവാർത്തയോടുകൂടെ ഈ പംക്തി ആരംഭിക്കാം. ഈ മാസം ഉത്സവത്തിന്റെ മാസമാണ്. നിങ്ങൾ guess ചെയ്തുവോ? അതെ, യേശു ഉയിർത്തെഴുന്നേറ്റത് നാം ആഘോഷിക്കാൻ പോകുന്നു. അതൊരു ആഘോഷമല്ലേ? നമുക്കുവേണ്ടി ജനിക്കുകയും, മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും ഇങ്ങനെ നമുക്കുവേണ്ടി സകലവും നിവർത്തിച്ച ദൈവത്തെ ദാനമായി കിട്ടിയതിൽ നാം എത്രയേറെ ഭാഗ്യവാന്മാരാണ്! സ്നേഹിതരെ, നാം ജീവനുള്ള ദൈവത്തെ ആരാധിക്കുന്നു എന്ന് പറയുമ്പോൾ എത്ര അഭിമാനമായിരിക്കുന്നു. So നിങ്ങൾക്കെല്ലാവർക്കും ഈസ്റ്റർ ആശംസകൾ.**

**നമുക്കുവേണ്ടി ഉയിർത്തെഴുന്നേറ്റ യേശു കർത്താവ് ജീവനോടിരിക്കുന്നു എന്ന് തെളിയിക്കുവാൻ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് എല്ലാ ലേഖനങ്ങളിലൂടെയും നാം കാണുന്നത്. ശരി, ഇനി നമുക്ക് പംക്തിയിലേക്ക് കടക്കാം.**

ബി.സി. 9-ാം നൂറ്റാണ്ടിലെ ഏറ്റവും പ്രശ്സതനായ പ്രവാചകനായിരുന്നു ഏലീയാവ്. യഹോവ എന്റെ ദൈവം എന്നാണ് ഇദ്ദേഹത്തിന്റെ പേരിന്റെ അർത്ഥം. അദ്ദേഹത്തിന്റെ പേരിന്റെ അർത്ഥം അദ്ദേഹത്തിന് എത്രമാത്രം അനുയോജ്യമാണെന്ന് ഈ സംഭവത്തിലൂടെ നമുക്ക് മനസ്സിലാക്കാം. ഒരിക്കൽ ദൈവം ഏലിയാവിനോട്, ഇസ്രായേൽ രാജ്യം ഭരിച്ചിരുന്ന ആഹാബ് രാജാവിനോട് മൂന്ന് വർഷത്തേക്ക് ഈ നാട്ടിൽ മഴ പെയ്യില്ല എന്ന് പറയാൻ പറഞ്ഞു. ഈ ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെടാൻ കെരീത്ത് തോട്ടിനരികെ ഒളിച്ചിരിക്കാൻ കർത്താവ് ഏലിയാവിനോട് കല്പിച്ചു. മൂന്ന്



വർഷം മഴ ഇല്ലെങ്കിൽ ആ ദേശത്തിൽ ക്ഷാമം ഉണ്ടാകുമായിരുന്നില്ലേ? എന്നാൽ, കർത്താവ് ഏലിയാവിന് non-veg ഭക്ഷണം നൽകി. ഈ ഭക്ഷണം കാക്കകളിലൂടെ ഏലിയാവിന് നൽകിയതും വളരെ അത്ഭുതമാണ്. കാക്കയിൽ നിന്ന് യാതൊന്നും വാങ്ങാൻ നമുക്ക് കഴിയില്ല. എന്നാൽ അത്തരം കാക്കകളിലൂടെയാണ് ദൈവം ഏലിയാവിന് ദിവസവും രണ്ടുതവണ അപ്പവും ഇറച്ചിയും നൽകിയത്.

**ഇത്തരം അത്ഭുതം ഏലിയാവിന് മാത്രമേ നടക്കുകയുള്ളോ? ഈ കാലഘട്ടത്തിൽ കർത്താവ് ഇതുപോലെ അത്ഭുതങ്ങൾ പ്രവർത്തിക്കുമോ? എന്ന നമ്മുടെ ചോദ്യത്തിന്, അതെ ഇപ്പോഴും നമ്മുടെ കർത്താവ് ഇതുപോലെ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ശക്തനായിരിക്കുന്നു എന്ന് നിങ്ങളോട് പറയുവാൻ തക്കവണ്ണം ഇംഗ്ലണ്ടിൽ നിന്നും ഒരു അത്ഭുതകരമായ വാർത്ത നമുക്ക് ലഭിച്ചിരിക്കുന്നു.**

ഒരു ദരിദ്ര കുടുംബം കടുത്ത ദാരിദ്ര്യത്തിൽ കഷ്ടപ്പെടുകയായിരുന്നു. അവിടെയുള്ള കൊച്ചുകുഞ്ഞുങ്ങൾ ഒന്നും കഴിക്കാൻ ഇല്ലാതെ വിശന്ന് വലഞ്ഞിരുന്നു. അപ്പോൾ ആ മാതാവ്, കർത്താവ് ഏലിയാവിനെ പോഷിപ്പിച്ചതെങ്ങനെയെന്ന് പറഞ്ഞുകൊണ്ട് കുഞ്ഞുങ്ങളിൽ വിശ്വാസം വളർത്തി. രാത്രി മഴയും മഞ്ഞും പെയ്തപ്പോൾ, ആ മാതാവ് ജനാലകൾ അടച്ച് കുഞ്ഞുങ്ങളെ വിശപ്പോടെ ഉറക്കി. ഒരു കുഞ്ഞ് എഴുന്നേറ്റ് 'അമ്മേ എനിക്ക് ഒരു സംശയം, ജനൽ അടച്ചാൽ, കർത്താവ് അയച്ച കാക്ക എങ്ങനെ ഭവനത്തിനുള്ളിലേക്ക് വരും? കർത്താവ് അപ്പവും ഇറച്ചിയും കൊടുത്തുവിട്ടാൽ നമുക്ക് ലഭിക്കില്ല, കാക്കയ്ക്ക് വരാനായി ജനൽ തുറന്ന് വയ്ക്കാം' എന്നു പറഞ്ഞു. ആ മാതാവ് തന്റെ കുഞ്ഞിന്റെ വിശ്വാസത്തിൽ ആശ്ചര്യപ്പെട്ട് ജനൽ തുറന്നുവച്ചു. അവിടെ മഴയത്ത് ഭവനത്തിന് പുറത്ത് നിന്നിരുന്ന നഗരത്തിലെ മേയർ ഈ സംഭാഷണം കേൾക്കുകയായിരുന്നു. ഉടനെ അദ്ദേഹം പെട്ടെന്ന് പോയി ധാരാളം ഭക്ഷണസാധനങ്ങൾ വാങ്ങി ആ ജനലിലൂടെ അകത്തേക്ക് വച്ചിട്ടുപോയി. ശബ്ദം കേട്ട കുഞ്ഞുങ്ങൾ ഓടിപ്പോയി ഭക്ഷണപ്പൊതി എടുത്തു. അവർ വളരെ സന്തോഷത്തോടെ കർത്താവിന് നന്ദി പറഞ്ഞു. കാക്ക ഇവിടെ വന്ന് ഭക്ഷണപ്പൊതി വച്ചുവെന്ന് അത്ഭുതത്തോടെയിരുന്നപ്പോൾ മേയറാണ് ഭക്ഷണപ്പൊതി വച്ചിരുന്നതെന്ന് കേൾക്കുവാൻ ഇടയായി. ഈ അത്ഭുതകരമായ സംഭവത്തെ തുടർന്ന് ആ മേയറെ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ സ്നേഹത്തോടെ കാക്ക എന്നാണ് വിളിച്ചിരുന്നത്.

ദൈവമക്കളേ!

**നിങ്ങളും കാക്കകളെ പ്രതീക്ഷിക്കുന്നുവോ? പ്രത്യാശിക്കുക മാത്രമല്ല, ആ കുഞ്ഞുങ്ങളെപ്പോലെ വിശ്വസ്തരായിരിക്കുകയും വേണം. അതുകൊണ്ട് ആദ്യം നിങ്ങളുടെ വിശ്വാസത്തിന്റെ വാതിൽ തുറന്നുവയ്ക്കുവിൻ. ആർക്കറിയാം! ഒരുപക്ഷേ കർത്താവ് നമ്മെയും കാക്കകളായി ഉപയോഗപ്പെടുത്താം അല്ലേ! So be ready friends. അടുത്ത പംക്തിയിൽ കാണാം.**



## Seeds of Revival

# ഉണർവിന്റെ വിത്തുകൾ!





David Brainard, 1718 ഏപ്രിൽ 20ന് അമേരിക്കയിലെ കണക്ട്കട്ടിലെ ഹദ്ദാമിൽ ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് 9 കുഞ്ഞുങ്ങളുണ്ട്. അദ്ദേഹത്തിന്റെ 9-ാം വയസ്സിൽ പിതാവും, 14-ാം വയസ്സിൽ മാതാവും മരണപ്പെട്ടു. അതുകൊണ്ട് കുട്ടിക്കാലം മുതൽ അയാൾക്ക് ദുഃഖവും മരണഭയവുമായിരുന്നു. അതുനിമിത്തം ചെറുപ്രായത്തിൽ തന്നെ സന്തോഷവും കളിക്കാനുള്ള താൽപര്യവും നഷ്ടപ്പെട്ടു. ദുശ്ശീലങ്ങൾ സന്തോഷം നൽകുമെന്ന് കരുതിഅതിൽ മുഴുകി, ഒടുവിൽ കുറ്റബോധത്താൽ ബാധിക്കപ്പെട്ടു.

ആ സാഹചര്യത്തിൽ ഒരു ഞായറാഴ്ച രാവിലെ ദൈവകോപത്തെക്കുറിച്ചുള്ള ചിന്ത അയാളുടെ ഉള്ളിൽ ഉണ്ടായപ്പോൾ, ഒരു ദിവസം മുഴുവനും ഉപവസിച്ച് പ്രാർത്ഥിച്ചപ്പോൾ പാപബോധം ഉണ്ടാവുകയും, തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവ് അയാളുടെ പാപം ക്ഷമിക്കുകയും ശാശ്വത സമാധാനം നൽകുകയും ചെയ്തു. 21-ാം വയസ്സിൽ Yale കോളേജിൽ ചേർന്ന് പഠനം ആരംഭിച്ചു. അവിടെവച്ച് അസുഖം ബാധിച്ചതിനെ തുടർന്ന്, പഠനം പാതിവഴിയിൽ മുടങ്ങി. 1742ൽ Ebenezer Pemberton ഇന്ത്യക്കാരുടെ മദ്ധ്യത്തിൽ സുവിശേഷത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രസംഗിച്ചപ്പോൾ, തന്റെ വിളി മനസ്സിലാക്കി, പരുഷരായ കാട്ടാളന്മാരുടെ ഇടയിലേക്ക് പോകാനും, ലോകത്തിലെ എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് ദൈവരാജ്യത്തിന്റെ വിസ്തൃതിയ്ക്കായി മരണം നേരിട്ടാലും ദൈവരാജ്യത്തിനായി എന്തും ചെയ്യാൻ ഒരുക്കമാണെന്ന സമർപ്പണത്തോടെ പ്രാർത്ഥിച്ചു. തന്റെ വിളി സ്ഥിരീകരിച്ചുകൊണ്ട്, സ്കോട്ട്ലാൻഡിലെ മിഷൻ സ്ഥാപനം ഇന്ത്യക്കാരുടെ മദ്ധ്യത്തിൽ മിഷനറിമാരെ





അയയ്ക്കുന്നതിനെക്കുറിച്ച് മനസ്സിലാക്കുകയും ഡേവിഡ് അതിൽ ചേരുകയും ചെയ്തു.

ന്യൂയോർക്കിലെ ഹൗനമീക്കിൽ താമസിച്ച് ഭാഷകൾ പഠിച്ചു. ജോൺ സാർജന്റിൽ നിന്നും ശുശ്രൂഷയുമായി ബന്ധപ്പെട്ട പലതും പഠിച്ചു. ഇന്ത്യക്കാർ താമസിക്കുന്ന ഹൗനമീക്കിലും ശുശ്രൂഷ ആരംഭിച്ചു. അതിരാവിലെ എഴുന്നേറ്റ് പ്രാർത്ഥനയിലും ധ്യാനത്തിലും ധാരാളം സമയം ചെലവഴിച്ച ശേഷം അവിടെയുള്ള ഇന്ത്യക്കാരോട് സുവിശേഷം പ്രസംഗിച്ചു. അദ്ദേഹത്തിന്റെ ശുശ്രൂഷാ പാത വളരെ കഷ്ടമേറിയതായിരുന്നു. തറയിൽ മരപ്പലക അടുക്കി അതിന്റെ മുകളിൽ വൈക്കോൽ ഇട്ട് അതിനെ കിടക്കയാക്കിമാറ്റി. ദുർഘടമായ പാതകളിലൂടെ സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചു. നിരവധി ബുദ്ധിമുട്ടുകൾ നേരിട്ടു. റൊട്ടി വാങ്ങണമെങ്കിൽ 15 മൈൽ നടക്കണമെന്നതുകൊണ്ട് ഇന്ത്യക്കാർ കഴിക്കുന്ന ഭക്ഷണം കഴിക്കാൻ തുടങ്ങി.

സുവിശേഷം അറിയിച്ച സ്ഥലങ്ങളിലെല്ലാം ജനങ്ങൾ ഹൃദയത്തിൽ കുത്തേറ്റവരായി മാനസാന്തരപ്പെടുകയും, ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്തു. കുഞ്ഞുങ്ങൾ പോലും അദ്ദേഹത്തിന്റെ സന്ദേശം നിമിത്തം സ്പർശിക്കപ്പെട്ടു. ഈ ഭ്രാന്തൻ എന്താണ് ചെയ്യുന്നത് എന്ന് കാണാൻ വന്ന ചില വെള്ളക്കാരെയും സന്ദേശം സ്പർശിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ 25 പേർ കർത്താവിനുവേണ്ടി എഴുന്നേൽക്കുകയും ധൈര്യത്തോടെ സാക്ഷ്യം നൽകുകയും ചെയ്തു.

1745ൽ ക്രോസ്വിക്സിൽ ഉണർവ് ഉണ്ടായി. ഒന്നര വർഷത്തിനുള്ളിൽ 150 പേർ വിശ്വാസത്തിൽ വളർന്നു. അദ്ദേഹം പോകുന്ന സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചു.

ബ്രിട്ടീഷുകാർക്കെതിരെ പ്രവർത്തിച്ച്, ഇന്ത്യക്കാർക്കിടയിൽ കലാപമുണ്ടാക്കി എന്നു പറഞ്ഞ് അദ്ദേഹത്തെ ശിക്ഷിക്കാൻ സർക്കാർ ഉദ്യോഗസ്ഥർ ശ്രമിച്ചു. ഒന്നിനും അദ്ദേഹത്തെ തടുക്കുവാൻ കഴിഞ്ഞില്ല.

1746 സെപ്റ്റംബറിൽ അദ്ദേഹത്തിന് കടുത്ത



പനിയും ചുമയും ഉണ്ടായി, ശരീരത്തിൽ വളരെ വേദന ഉണ്ടായിട്ടും, നടന്ന് പോയി ഇന്ത്യക്കാരോട് പ്രസംഗിച്ചു. എഴുന്നേറ്റ് നടക്കാനോ, എഴുതുവാനോ വായിക്കാനോ കഴിയാത്ത സാഹചര്യത്തിലും, ആത്മാവിൽ ഉന്മേഷദായകനായി തുടർന്നു. ക്ഷയരോഗത്തെ അതിജീവിക്കുക ബുദ്ധിമുട്ടാണെന്ന് ഡോക്ടർമാർ പറഞ്ഞപ്പോഴും, അതിനെക്കുറിച്ച് ഭാരപ്പെടാതെ എപ്പോഴും സന്തോഷത്തോടെയും ഉത്സാഹത്തോടെയും കാണപ്പെട്ടു. 5 വർഷത്തെ മിഷനറി പ്രവർത്തനത്തിനുശേഷം 19 ആഴ്ച കിടപ്പിലായിരുന്ന അദ്ദേഹം, 1749 ഒക്ടോബർ

**പ്രിയ യുവജനങ്ങളെ യൗവന പ്രായത്തിൽ തന്നെ ദൈവവിളി കേട്ട്, രോഗങ്ങളിലും കഷ്ടപാടുകളിലും തളർന്നുപോകാതെ, ഇന്ത്യക്കാരെ കുറിച്ചുള്ള ആത്മഭാരത്താൽ അവസരങ്ങളില്ലാത്ത സ്ഥലത്ത് ഉണർവിന്റെ വിത്തായി അദ്ദേഹം മരിച്ചു. ഇന്ന് നിങ്ങൾ എങ്ങനെയാണ്? നിങ്ങൾക്ക് നമ്മുടെ രാജ്യത്തിലെ ജനങ്ങളെക്കുറിച്ച് ഭാരമുണ്ടോ? കർത്താവിന്റെ ഹൃദയഭാരം മനസ്സിലാക്കി ഉത്സാഹത്തോടെ എഴുന്നേറ്റ് കർത്താവിനുവേണ്ടി പ്രവർത്തിക്കാൻ നിങ്ങൾ തയാറാണോ?**



# ഞാൻ ഒരു പ്രാർത്ഥന നായകൻ

പ്രിയപ്പെട്ട യൗവനക്കാരായ കുഞ്ഞുങ്ങളെ കർത്താവായ യേശുവിന്റെ നാമത്തിൽ നിങ്ങൾക്ക് വന്ദനം. കഴിഞ്ഞ മാസം നാംഞാൻ ഒരു പ്രാർത്ഥന നായകൻ എന്ന തലക്കെട്ടിൽ സെഖര്യാവിന്റെ മധ്യസ്ഥ പ്രാർത്ഥനയുടെ അനുഗ്രഹത്തെക്കുറിച്ച് കണ്ടു.

**ഈ മാസം...**

## കണ്ണുനീരിന്റെ പ്രാർത്ഥന

എഫ്രയീം മലനാട്ടിലെ രാമാഥയീം എന്ന മനോഹരമായ ഗ്രാമത്തിലാണ് എൽക്കാനയുടെ കുടുംബം താമസിച്ചിരുന്നത്. എൽക്കാനാ എന്നാൽ ദൈവത്തിന്റെ ഭരണം എന്നാണ് അർത്ഥം. അദ്ദേഹത്തിന് ഹന്നാ, പെനിന്നാ എന്നിങ്ങനെ രണ്ട് ഭാര്യമാരുണ്ടായിരുന്നു. ഹന്നായ്ക്ക് കുഞ്ഞുങ്ങളില്ല. പെനിന്നായ്ക്ക് പത്ത് പുത്രന്മാരുണ്ടായിരുന്നു (1 ശമുവേൽ 1:8) എന്ന് വേദപുസ്തകത്തിൽ പറയുന്നു. 10-ാം വചനം നോക്കുമ്പോൾ, അവൾ മനോവ്യസനത്തോടെ പ്രാർത്ഥിച്ചു വളരെ കരഞ്ഞു... (1 ശമി 1:10) എന്ന് പറഞ്ഞിരിക്കുന്നു.

**ആരാണ് കരഞ്ഞത്?**
**എന്തിനുവേണ്ടിയാണ് കരഞ്ഞത്?**
**ഏത് സാഹചര്യത്തിലാണ് കരഞ്ഞത്?**
**അവളുടെ പ്രാർത്ഥന കേൾക്കപ്പെട്ടുവോ?**

എൽക്കാന തന്റെ രണ്ട് ഭാര്യമാരെയും മക്കളെയും കൂട്ടി എഫ്രയീം മലനാട്ടിലെ ശീലോവിലേക്കു പോയി, അവിടെ കർത്താവിന് യാഗം കഴിക്കുമായിരുന്നു. ശീലോവ് എന്നാൽ വിശ്രമസ്ഥലം. യഹോവയെ ആരാധിക്കാൻ ആലയത്തിലേക്ക് പോകുന്ന സമയത്തൊക്കെയും പെനിന്നാ (1ശമു.1:6) ഹന്നായ്ക്ക് മക്കളില്ലാത്ത കാരണത്താൽ അവളെ വ്യസനിപ്പിക്കുകയും മുഷിപ്പിക്കുകയും ചെയ്യുമായിരുന്നു.



പെനിന്നായുടെ വ്യസനിപ്പിക്കുന്ന വാക്കുകൾ സഹിക്കാനാകാതെ ഹന്നാ വിഷാദത്തിലാവുകയും ഭക്ഷണം കഴിക്കാതെ കരയുകയും ചെയ്തുകൊണ്ടിരുന്നു. എൽക്കാന തന്റെ ഭാര്യയെ വെറുത്തില്ല. അവളെ കൂടുതൽ സ്നേഹിക്കുകയും, അവൾക്ക് ഇരട്ടി ഓഹരി നൽകുകയും ചെയ്തു. 'നീ എന്തിനു കരയുന്നു? എന്തിനു പട്ടിണി കിടക്കുന്നു? നീ വ്യസനിക്കുന്നത് എന്ത്?' എന്നിങ്ങനെ കാര്യം തിരക്കിയിട്ടും ഹന്നായുടെ മനസ്സിന് ആശ്വാസം ലഭിച്ചില്ല. എത്രയോ പ്രാവശ്യം ശീലോവിൽ വന്നിരിക്കുന്നു.



ഇപ്രാവശ്യം കർത്താവിന്റെ കരത്തിൽ നിന്ന് ഒരു അത്ഭുതം പ്രാപിക്കാതെ നാട്ടിലേക്ക് മടങ്ങുകയില്ല എന്ന തീക്ഷ്ണതയോടെ അവൾ, ' സൈന്യങ്ങളുടെ കർത്താവേ, (എബ്രായ ഭാഷയിൽ യഹോവ സബോത്ത്) എനിക്ക് ഒരു പുരുഷസന്താനത്തെ നൽകേണമേ' എന്ന് കണ്ണുനീരോടെ ദീർഘസമയം പ്രാർത്ഥിച്ചു.

ദൈവാലയത്തിലെ പ്രധാന പുരോഹിതനായ ഏലി ദൂരെ നിന്ന് ഹന്നായെ നോക്കി, ലഹരി പിടിച്ച് ദേവാലയത്തിനുള്ളിൽ ഇരിക്കുന്നു എന്ന് ചിന്തിച്ച്, ഹന്നായുടെ അവസ്ഥ അറിയാതെ, മദ്യപാനി എന്ന് വിളിച്ച് അപമാനിച്ചു (1ശമു.1:14). ഒരു പുരോഹിതനായിരുന്നിട്ടും ഏലിക്ക് ഹന്നായെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. 40 വർഷത്തോളം ഇസ്രായേലിനെ ന്യായപാലനം നടത്തി പരിചയസമ്പന്നനായ ഒരു ന്യായാധിപൻ ആയിരുന്നിട്ടും ഹന്നായെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. കൂടെയുള്ള പെനിന്നായും മനസ്സിലാക്കിയിരുന്നില്ല. എന്നാൽ സൈന്യങ്ങളുടെ കർത്താവോ മനുഷ്യൻ നോക്കുന്നതുപോലെയല്ല നോക്കുന്നത്. ഹന്നായുടെ ഹൃദയത്തിലെ വേദന കണ്ടു. അവളുടെ ആഗ്രഹത്തെ കണ്ടു. തന്റെ കാലിൽ അവൾ കണ്ണുനീർ വാർക്കുന്നതും കണ്ടു. കർത്താവ് ഹന്നായുടെ പ്രാർത്ഥന കേൾക്കുകയും, ശമുവേൽ എന്ന് പേരുള്ള ഒരു മകനെ നൽകുകയും ചെയ്തു. ഇന്നും ശമുവേലിനെക്കുറിച്ച് സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു.



**ഹന്നായുടെ പ്രാർത്ഥന കേട്ട് കർത്താവ് നൽകിയ 17-ാമത് തലമുറയിൽ ശമുവേൽ,**

**1. ഒരു ലേവ്യനായും**
**2. പുരോഹിതനായും**
**3. പ്രധാന പുരോഹിതനായും**
**4. മഹാ പ്രധാന പുരോഹിതനായും**
**5. പ്രവാചകനായും**
**6. പ്രവാചകന്മാരുടെ നേതാവായും**
**7. ന്യായാധിപനായും, രാജാക്കന്മാരെ തിരഞ്ഞെടുക്കുന്നവനായും പല നിലകളിൽ തന്റെ ശുശ്രൂഷകൾ നിറവേറ്റുവാൻ കർത്താവ് കൃപ നൽകി. എന്റെ സ്നേഹിതരെ, നിങ്ങൾ മറ്റുള്ളവരാൽ അപമാനിക്കപ്പെടുന്നുവോ? വർഷങ്ങളായി കണ്ണുനീർ വാർക്കുന്നുവോ? സൈന്യങ്ങളുടെ കർത്താവിനെ നോക്കുവിൻ. ഹന്നായുടെ കണ്ണുനീർ കണ്ട കർത്താവ് നിങ്ങൾക്കും ഒരു വലിയ അത്ഭുതം ചെയ്യും. നിങ്ങളെയും കർത്താവ് അങ്ങനെ തന്നെ അനുഗ്രഹിക്കും. ആമേൻ.**

# പ്രാർത്ഥന ഡയറി

## ഏപ്രിൽ 2025

## കൗമാരപ്രായത്തിലെ ഗർഭധാരണം

ഇന്ത്യയിൽ നാല് പെൺകുട്ടികളിൽ ഒരാൾ 18 വയസ്സിന് മുമ്പ് വിവാഹിതരാകുന്നു, 15 നും 19 നുമിടയിൽ പ്രായമുള്ള പെൺ കുട്ടികളിൽ 7.8 ശതമാനം പേർ ഗർഭിണികളോ അമ്മമാരോ ആണെന്ന് നാഷണൽ ഫാമിലി ഹെൽത്ത് സർവേ പറയുന്നു. കഴിഞ്ഞ 5 വർഷത്തിനിടെ തമിഴ്നാട്ടിൽ ഗർഭിണികളായി വിവാഹിതരായ സ്ത്രീകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. അതേസമയം, കൗമാരപ്രായത്തിലെ ഗർഭധാരണം വർദ്ധിച്ചിരിക്കുന്നു. പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് റിപ്പോർട്ട് പ്രകാരം 2019-20 ൽ, 11,772 ആയിരുന്ന കൗമാരപ്രായത്തിലെ ഗർഭധാരണം 2023 -24ൽ 14,360 ആയി ഉയർന്നു. അതായത്, കൗമാരപ്രായത്തിലെ ഗർ ഭധാരണത്തിൽ കുറഞ്ഞത് 20% വർദ്ധിച്ചു. കഴിഞ്ഞ വർഷം ഗർഭം ധരിച്ച സ്ത്രീകളിൽ 15% കൗമാരപ്രായത്തിലെ പെൺകുട്ടികളാണെന്ന് കണ്ടെത്തിയിരിക്കുന്നു.

### പ്രാർത്ഥന വിഷയങ്ങൾ

1. കൗമാരപ്രായത്തിൽ ഗർഭം ധരിക്കുന്ന യുവതലമുറയ്ക്ക് ഭാവിയെക്കുറിച്ചുള്ള സുബോധമുണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.
2. ഇച്ഛകൾ സൃഷ്ടിക്കുന്ന അശുദ്ധാത്മാക്കൾ ബന്ധിക്കപ്പെടാനും, യുവതികൾക്ക് ഭാവിയെക്കുറിച്ചുള്ള ഭയം ഉണ്ടാകുവാനും പ്രാർ ത്ഥിക്കുവിൻ.
3. യൗവനക്കാർ കർത്താവിനെ അറിയുവാനും കർത്താവിനെ ഭയപ്പെടുവാനും പ്രാർത്ഥിക്കാം.
4. പ്രണയത്തിന്റെ കെണിയിൽ അകപ്പെട്ട് കൗമാരത്തിൽ തന്നെ പാതിവ്രത്യം നഷ്ടപ്പെടുത്തി ജീവിതം നശിപ്പിക്കുന്ന യുവസമൂഹം കർത്താവിലേക്ക് തിരിയുവാനായി പ്രാർത്ഥിക്കുവിൻ.

## ദാരിദ്ര്യാവസ്ഥ

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ 51.9 % ദാരിദ്ര്യ നിരക്കുള്ള ഇന്ത്യയിലെ ഏറ്റവും ദരിദ്ര സംസ്ഥാനമാണ് ബീഹാർ. ഏറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് ബീഹാർ. തൊട്ടുപിന്നിൽ ജാർഖണ്ഡും ഉത്തർപ്രദേശും മധ്യപ്രദേശുമാണ്. മേഘാലയയാണ് അടുത്ത സ്ഥാനം നേടിയിരിക്കുന്നത്. ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ മൂന്നും നാലും സ്ഥാനങ്ങളിലാണ്. എന്നിരുന്നാലും, ഗോവ അതുപോലെ തന്നെ ജമ്മുകാശ്മീർ, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ദാരിദ്ര്യം അതിവേഗം കുറയുന്നതായി പഠനങ്ങൾ കാണിക്കുന്നു. ഇന്ത്യയിലെ കേരളത്തിൽ ജനസംഖ്യയുടെ 0.71% മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. ഗോവയിൽ 3.76%, സിക്കിമിൽ 3.82%, തമിഴ്നാട്ടിൽ 4.89%, പഞ്ചാബിൽ 5.59% എന്നിങ്ങനെയാണ് ദാരിദ്ര്യാവസ്ഥ.



### പ്രാർത്ഥന വിഷയങ്ങൾ

1. ഇന്ത്യയിൽ ദാരിദ്ര്യം പൂർണ്ണമായി ഇല്ലാതാകുവാനായി പ്രാർത്ഥിക്കുവിൻ.
2. ഇന്ത്യയിലെ പിന്നോക്ക സംസ്ഥാനമായ ബീഹാറിൽ കാണപ്പെടുന്ന ദാരിദ്ര്യാവസ്ഥ പൂർണ്ണമായും മാറി ജനങ്ങൾ അനുഗ്രഹിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.
3. അരി, ഗോതമ്പ് തുടങ്ങിയ അവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ക്ഷാമമില്ലാതെ ലഭ്യമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.
4. ഇന്ത്യാ ഗവൺമെന്റ് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ പരിശുദ്ധാത്മാവ് അധികാരികളോട് ഇടപെടുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.



# കാർഷിക മേഖല

ഇന്ത്യയിൽ 11.8 കോടി കർഷകരുണ്ട്. ഇന്ത്യയിൽ 18 കോടി ഹെക്ടർ കൃഷിഭൂമിയുണ്ട്. ലോകത്തിലെ നാലാമത്തെ വലിയ ഭക്ഷ്യോൽപ്പാദന രാജ്യമാണ് ഇന്ത്യ. പ്രതിവർഷം 341 ദശലക്ഷം ടൺ ഭക്ഷണസാധനങ്ങൾ ഉൽ പാദിപ്പിക്കപ്പെടുന്നു. ഗോതമ്പ്, അരി, കരിമ്പ് എന്നിവയുടെ ഉൽപ്പാദനത്തിൽ ലോകത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ഇന്ത്യയിലെ 64 കോടി ജനങ്ങൾ കൃഷിയിലും കാർഷികാധിഷ്ഠിത വ്യവസായങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ 80 ശതമാനവും കൃഷിയെ ആശ്രയിക്കുന്നു. കഴിഞ്ഞ ഏതാനും വർ ഷങ്ങളായി 2.20 ലക്ഷം കർഷകരാണ് കടപ്രശ്നങ്ങളും, ദാരിദ്ര്യവും മറ്റ് പല സാഹചര്യങ്ങളും കാരണം ആത്മഹത്യ ചെയ്തത്. പ്രതിവർഷം 74 ദശലക്ഷം ടൺ ഭക്ഷണമാണ് പാഴാക്കുന്നത്. ഇതുനിമിത്തം ഭക്ഷ്യക്ഷാമത്തിന് സാധ്യതയുണ്ട്.

## പ്രാർത്ഥന വിഷയങ്ങൾ

1. ഇന്ത്യയിലെ 11.8 കോടി കർഷകരും രക്ഷ പ്രാപിക്കുവാനും, അവരുടെ ഉപജീവനമാർഗ്ഗങ്ങൾ അനുഗ്രഹിക്കപ്പെടാനും പ്രാർത്ഥിക്കുവിൻ.
2. കർഷകരുടെ നന്മയാക്കായുള്ള പദ്ധതികൾ സർക്കാർ ആവിഷ്ക്കരിക്കാനായി പ്രാർത്ഥിക്കുവിൻ.
3. കൃഷിഭൂമി സംരക്ഷിക്കപ്പെടാനും, നല്ല വിളവ് ലഭിക്കുവാനും പ്രാർത്ഥിക്കുവിൻ.
4. ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്ന ദുരാത്മാക്കൾ നമ്മുടെ ദേശത്തിൽ നിന്ന് പൂർണ്ണമായി നീക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

# പോലീസ് വകുപ്പ്

ഇന്ത്യയിൽ 13,765 പോലീസ് സ്റ്റേഷനുകളുണ്ട്. 20 ലക്ഷം പോലീസ് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. 2,15,504 വനിതാ പോലീസുകാരാണുള്ളത്. ഇതിൽ 98,078 പുരുഷ കോൺസ്റ്റബിൾമാരും, 76,599 വനിതാ കോൺസ്റ്റബിൾമാരും തമിഴ്നാട്ടിൽ ജോലി ചെയ്യുന്നു. തമിഴ്നാട്ടിൽ മാത്രം 1312 പോലീസ് സ്റ്റേഷനുകളുണ്ട്. തമിഴ്നാട്ടിൽ 9365 ഒഴിവുകൾ നികത്താതെ കിടക്കുന്നു.

## പ്രാർത്ഥന വിഷയങ്ങൾ

1. ഇന്ത്യയിലെ 20 ലക്ഷം പോലീസ് ഉദ്യോഗസ്ഥരുടെയും സംരക്ഷണത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.
2. എല്ലാ പോലീസ് ഉദ്യോഗസ്ഥരും സത്യസന്ധതയോടെ, സ്വാർത്ഥതയില്ലാതെ പ്രവർത്തിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. പോലീസ് അധികാരികൾക്കിടയിൽ വിഷാദം ഉണ്ടാകാതിരിക്കുവാനും, ജോലിഭാരം കുറയുവാനും, ഒഴിവുകൾ നികത്തപ്പെടാനും പ്രാർത്ഥിക്കുവിൻ.
4. പോലീസ് ഉദ്യോഗസ്ഥർ രക്ഷ പ്രാപിക്കുവാനും, പോലീസ് സേനയിൽ ഉണർവുണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.





# ബഹിരാകാശ നായകൻ



**പ്രിയപ്പെട്ട യുവ വിജയികൾക്ക്, എന്റെ സ്നേഹാശംസകൾ!**
**നമുക്ക് ലഭിക്കുന്ന ഓരോ മിനിറ്റും നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത്. വർത്തമാനകാലത്തിൽ നിങ്ങൾ മടിയനായിരുന്നാൽ ഭാവിയെക്കുറിച്ച് വളരെ ആശങ്കപ്പെടേണ്ട സാഹചര്യമുണ്ടാകും. അതുകൊണ്ട് വർത്തമാനകാലത്തിൽ കഠിനാധ്വാനം ചെയ്താൽ, ശാശ്വതമായ വിജയം നേടാം. തന്റെ സമയം പ്രയോജനപ്പെടുത്തി വിജയം കണ്ടെത്തിയ ഒരു ജയാളിയുടെ ജീവിതം നിങ്ങൾക്കായി...**

തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയ്ക്കടുത്തുള്ള ഒരു കുഗ്രാമത്തിലാണ് .നാരായണൻ ജനിച്ചത്. അദ്ദേഹത്തിന് 5 സഹോദരങ്ങൾ ഉണ്ടായിരുന്നു. കുടുംബത്തിലെ മൂത്ത പുത്രനായിരുന്ന ഇദ്ദേഹം ചെറുപ്പത്തിൽ തന്നെ പഠനത്തിൽ അതീവ തൽപരനായിരുന്നു. സർക്കാർ സ്കൂളിൽ പഠനം തുടങ്ങി, പിന്നീട് സർക്കാർ എയ്ഡഡ് സ്കൂളിൽ പത്താം ക്ലാസ് പാസായി, സർക്കാർ ടെക്നിക്കൽ കോളേജിൽ ഉയർന്ന മാർക്കോടെ ഡിപ്ലോമ പാസായി, ഐഎസ്ആർഒയിൽ ജോലി ലഭിച്ചു. 20-ാം വയസ്സിൽ ഐഎസ്ആർഒയിൽ ടെക്നീഷ്യനായി യാത്ര തുടങ്ങി. ജോലിയിലിരിക്കെ ബിരുദാനന്തര ബിരുദം പൂർത്തിയാക്കി, എയ്റോസ്പേസ് എഞ്ചിനീയറിംഗിൽ പിഎച്ച്.ഡി ബിരുദം നേടി. V. നാരായണൻ ഐഎസ്ആർഒയിൽ വളരെ ആവേശത്തോടെയും പ്രതിബദ്ധതയോടെയും പ്രവർത്തിച്ചു. ഐഎസ്ആർഒയിൽ ചേരുന്നതിന് മുമ്പ് 2 വർഷം സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുകയും അനുജനെ എഞ്ചിനീയറിംഗ് പഠിപ്പിക്കുകയും ചെയ്തുകൊണ്ട് കുടുംബം പുലർത്തി. ശേഷം ഐഎസ്ആർഒയിൽ ചേർന്ന് തന്റെ ലക്ഷ്യം നേടുന്നതിനായി കഠിനമായി പരിശ്രമിച്ചു. റോക്കറ്റ് വിക്ഷേപണത്തിൽ റെക്കോർഡ് സൃഷ്ടിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. പടിപടിയായി ഉയർന്ന നാരായണനെ ഐഎസ്ആർഒ മേധാവിയായി നിയമിച്ചു. അദ്ദേഹത്തിന്റെ കഠിനാധ്വാനം നിമിത്തം ഐഐടി ഗോരഖ്പൂരിൽ നിന്ന് വെള്ളി മെഡൽ, ഇന്ത്യൻ സ്പേസ് സൊസൈറ്റിയുടെ സ്വർണ്ണ മെഡൽ തുടങ്ങി നിരവധി അവാർഡുകൾ നേടി.

കുട്ടിക്കാലത്ത് പഠിക്കാൻ ആവശ്യമായ വെളിച്ചമില്ലാതെ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ പഠിച്ച അദ്ദേഹം ഇന്ന് ലോകത്തിന് വെളിച്ചം നൽകുന്ന വ്യക്തിയാണ്. നാരായണൻ എഴുന്നേറ്റു. എല്ലാ തടസ്സങ്ങളും വെല്ലുവിളികളും ഉണ്ടായിട്ടും അതിനെ നേരിട്ട് തമിഴ്നാട്ടിൽ മാത്രമല്ല, ലോകം മുഴുവനും ശ്രദ്ധിക്കുന്ന രീതിയിലുള്ള നേട്ടങ്ങൾ കൈവരിച്ചു.

ഇത് വായിക്കുന്ന യൗവനക്കാരെ നിങ്ങളുടെ ലക്ഷ്യം നിറവേറ്റാൻ ഇന്നുതന്നെ ആരംഭിക്കുവിൻ. സമയം കടന്നുപോയാൽ വിജയം മറ്റൊരാളുടേതാകും. വിജയം കൈവരിക്കുന്നതും, സമ്മാനമായി മറ്റുള്ളവർക്ക് കൊടുക്കുന്നതും നിങ്ങളുടെ കൈകളിലാണുള്ളത്.

